# A U D I T R E P O R T



ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. പി.ജെ.ജയരാജ് ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2006-07 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 1.4.06 മുതൽ 31.3.07 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 16.6.08 മുതൽ 23.6.08 വരെ | 2006-07 വാർഷികം | ശ്രീ. എം. കുരുവിള ജോസഫ് - ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.വി.സന്തോഷ്,<br>ശ്രീമതി ഡി. സുലത<br>-ഓഡിറ്റർമാർ |

**നിർവഹണാധികാരികൾ**

*പ്രസിഡന്റ്* : ശ്രീമതി കെ. ഗോമതിയമ്മാൾ (1.4.06 മുതൽ 31.3.07 വരെ)

*സെക്രട്ടറി* :

1. ശ്രീ. എ. സുരേഷ്കുമാർ (1.4.06 മുതൽ 31.5.06 വരെ)
2. ശ്രീ. ടി.എം. ദിനേശൻ, ജോയിന്റ് ബി.ഡി.ഒ ചാർജ് (1.6.06 മുതൽ 2.6.06 വരെ)
3. ശ്രീ. വി.എൻ. വാസുദേവൻ (3.6.06 മുതൽ 31.3.07 വരെ)

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

***ഭാഗം 1:- പൊതു അവലോകനം***

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

***ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

***ഭാഗം 3:- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

***ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും***

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

# ഭാഗം 1 – പൊതുഅവലോകനം

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2006-07 വർഷത്തെ ബജറ്റ് 25.3.06 ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 31301000 (മുന്നിരിപ്പുൾപ്പെടെ) രൂപയും ആകെ ചെലവ് 30400051 രൂപയും ആണ്.

ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2006-07 വർഷത്തെ ആകെ വരവ് 26021445 രൂപയും ആകെ ചെലവ് 20382010 രൂപയും ആണ്.

മേൽപ്പറഞ്ഞ വരവുചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 824 രൂപ പഞ്ചായത്തിന്റ വരവിനങ്ങളിൽ നഷ്ടമുണ്ടായതായും 224031.50 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 1764547 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട മറ്റു പൊതുവായ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

**1.1 എ) ബജറ്റ്**

25.3.06 ലെ ജനറൽ കമ്മിറ്റി ഒന്നാം നമ്പർ തീരുമാനം മുഖേന അംഗീകരിച്ച 06-07 ലെ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചതും യഥാർത്ഥത്തിൽ ലഭിച്ചതുമായ വരവുചെലവു കണക്കുകളുടെ താരതമ്യം താഴെക്കൊടുക്കുന്നു.

| ഇനങ്ങൾ | വരവ് | | | ചെലവ് | | |
|---|---|---|---|---|---|---|
| | ബജറ്റ് പ്രകാരം | വാർഷിക കണക്കുപ്രകാരം (അലോട്ട്മെന്റ് ലഭിച്ചത്) | വ്യതിയാനം | ബജറ്റ് പ്രകാരം | വാർഷിക കണക്കുപ്രകാരം | വ്യതിയാനം |
| കാറ്റഗറി എ ഫണ്ട് | 11613000 | 11613000 | -- | 116130000 | 11411170 | 201830 |
| കാറ്റഗറി ബി ഫണ്ട് | 1500000 (മുന്നിരിപ്പു കൂടാതെ | 620250 | 879750 | 1700000 | 560478 | 1139522 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 900000 (മുന്നിരിപ്പു കൂടാതെ) | 803625 | 96375 | 1500000 | 775155 | 724845 |
| മെയിന്റനൻസ് ഗ്രാന്റ് | 1638000 | 1410961 | 227039 | 1638000 | 1396839 | 241161 |
| ഐ. എ.വൈ | 4800000 (മുന്നിരിപ്പു കൂടാതെ) | 3876900 | 923100 | 5100000 | 2086700 | 3013300 |
| എസ്.ജി.എസ്.വൈ | 1000000 | 2930796 (എം.എൽ.എ ഫണ്ടുൾപ്പെടെ) | 1930796 | 1000000 | 2892122 (എം.എൽ.എ. ഫണ്ടുൾപ്പെടെ) | -- |
| എസ്.ജി. ആർ.വൈ | 3200000 (മുന്നിരിപ്പുകൂടാതെ) | 1803000 | 1397000 | 3200000 | 1160591 | 2039409 |
| നബാർഡ് | 5000000 | -- | 5000000 | -- | -- | -- |
| സാക്ഷരത | 400000 | 29500 | 370500 | 400000 | 76500 | 323500 |

ബജറ്റിൽ നിന്നു വിഭിന്നമായി വരവു ലഭിച്ചതിനെ തുടർന്ന് പുതുക്കിയ ബജറ്റ് തയ്യാറാക്കി അനുമതി നേടിയിട്ടില്ല.

**ബി) വരവിനങ്ങൾ ബജറ്റിൽ പരിഗണിച്ചിട്ടില്ല**

മുൻവർഷങ്ങളിൽ ടെൻഡർ ഫോം വില്പന, നിരതദ്രവ്യം, ജാമ്യനിക്ഷേപം എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് വരവുണ്ടായിട്ടുണ്ട്. കൂടാതെ വിവിധ അക്കൗണ്ടുകളിൽ പലിശ യിനത്തിൽ തുകകൾ ലഭിച്ചിട്ടുണ്ട്. ഇത്തരം ഇനങ്ങളിൽ എല്ലാ വർഷവും വരവിന് സാധ്യ തയുള്ളതാണ്. എന്നാൽ ഈ ഇനങ്ങൾ ബജറ്റ് തയ്യാറാക്കുമ്പോൾ പരിഗണിച്ചിട്ടില്ല.

**1.2 വാർഷിക കണക്കുകൾ**

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച 06-07 ലെ വാർഷിക കണക്ക് പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല. ഇതു സംബന്ധിച്ച് ഭാഗം നാലിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. പരിമിതവും ഏറെക്കുറെ കൃത്യവുമായിട്ടു ള്ള വരുമാനസ്രോതസ്സുകളുള്ള ബ്ലോക്ക് പഞ്ചായത്ത് പോലുള്ള സ്ഥാപനം വാർഷിക കണക്ക് സമഗ്രവും അനുബന്ധ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ തയ്യാ റാക്കി അയയ്ക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

**1.3 രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്**

- **രസീത് / പണം പിരിവ്- സ്റ്റോക്ക് രജിസ്റ്റർ / കളക്ഷൻ രജിസ്റ്ററിന്റെ അഭാവം**

വിവിധ മാസങ്ങളിൽ രസീതുമുഖേന പണം പിരിക്കുന്നുണ്ട്. എങ്കിലും ഇതു സംബ ന്ധിച്ച കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രസീത് നമ്പർ / തീയതി, തുക, അക്കൗണ്ടിൽ അടവു വരുത്തുന്ന തീയതി മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. തന്മൂലം രസീതു പ്രകാരമുള്ള തുക കൃത്യമായും യഥാസമയവും അടവു വരുത്തപ്പെടുന്നുണ്ടോ എന്നത് സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിന് പ്രയാസമുണ്ടാക്കുന്നുണ്ട്. പണം പിരിവിന് ലഭ്യമാ കുന്ന രസീതു ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ ഉള്ളതായും കാണുന്നില്ല.

- **ഹാജർ രജിസ്റ്റർ/ കാഷ്ബുക്ക്**

1.1.07 മുതലുള്ള ഹാജർ രജിസ്റ്ററും 1.6.06 മുതലുള്ള കാഷ്ബുക്കും മാത്രമാണ് പരി ശോധനയ്ക്ക് ലഭിച്ചത്. ( ടി കാലയളവിനു മുമ്പുള്ളവ പോലീസിന്റെ പക്കലാണെന്നാണ് അറിയാൻ കഴിഞ്ഞത്) കാഷ്ബുക്ക് പ്രതിദിന / മാസാന്ത്യ/ വർഷാന്ത്യ ക്ലോസിങ് നടത്തി നീക്കിയിരിപ്പ് പാസ്ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തന്മൂലം പഞ്ചായത്തിന്റെ ഫണ്ട് ബാലൻസിന്റെ കൃത്യത നിർണയിക്കുന്നതിന് സാധിച്ചിട്ടില്ല. മാത്രമല്ല കാഷ്ബുക്കിൽ ഇപ്പോൾ രേഖപ്പെടു ത്തിയ എൻട്രികൾക്ക് മാറ്റം വരാനുള്ള സാധ്യത നിലനിൽക്കുകയും ചെയ്യുന്നു.

- **പാസ്ബുക്ക് / ബാങ്ക് സ്ക്രോൾ**

ജനറൽ പർപ്പസ് ഗ്രാന്റ്, എസ്.ജി.ആർ.വൈ, എസ്.ജി.എസ്.വൈ എന്നീയിനങ്ങ ളിലെ ക്രഡിറ്റു വിവരങ്ങൾ വ്യക്തമാക്കുന്ന പാസ്ബുക്കുകൾ / ബാങ്ക് സ്ക്രോളുകൾ പരി ശോധനയ്ക്ക് ലഭിച്ചിട്ടില്ല. തന്മൂലം തൻവർഷത്തെ പഞ്ചായത്ത് ഫണ്ടിൽ ഈയിനങ്ങളിൽ വരവുവയ്ക്കപ്പെട്ട തുകകളുടെയും ചെലവിന്റെയും നീക്കിയിരിപ്പിന്റെയും കൃത്യത നിർണ യിക്കുന്നതിന് സാധിക്കുന്നില്ല.

- **ഡി.ഡി. രജിസ്റ്റർ / ചെക്ക് ഇഷ്യു രജിസ്റ്റർ**

വിവിധ ബില്ലുകൾ മുഖേന അലോട്ട്മെന്റ് മാറിയെടുക്കുന്ന പണം ബന്ധപ്പെട്ട വ്യ ക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നത് ഡി.ഡി / ചെക്ക് മുഖേനയാണ്. എന്നാൽ ഇവയുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. തന്മൂലം ബില്ലുകൾ മാറി നൽകുന്ന ചെലവു വിവരങ്ങളുടെ കൃത്യത നിർണയിക്കുന്നതിന് സാധിച്ചിട്ടില്ല. ഓഡിറ്റ് വർഷങ്ങളിൽ നൽകിയ ഡി.ഡി.കളിൽ പണമായി മാറ്റപ്പെടാത്തവ യുടെ വിവരങ്ങൾ നിർണയിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

- **നിക്ഷേപ രജിസ്റ്റർ**

നിക്ഷേപരജിസ്റ്റർ സമഗ്രമല്ല. നിരതദ്രവ്യം, ജാമ്യനിക്ഷേപം എന്നീയിനങ്ങളിൽ ലഭിച്ച തുകകളുടെ വിവരം നിക്ഷേപ രജിസ്റ്ററിൽ എഴുതുന്നുണ്ടെങ്കിലും ടിയിനങ്ങളിൽ തിരികെ നൽകിയ തുകകളുടെ വിവരങ്ങൾ ഈ രജിസ്റ്ററിൽ എഴുതിയിട്ടില്ല.

മുൻവർഷങ്ങളിൽ ലഭിച്ച നിക്ഷേപങ്ങൾ മടക്കി നൽകാത്തവയുടെ വിവരം കാരിഓവർ ചെയ്തിട്ടില്ല. ഇതുവരെ തിരികെ നൽകിയിട്ടില്ലാത്ത നിക്ഷേപങ്ങളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

- **സർക്കാരിലേക്ക് അടയ്ക്കാനുള്ള നികുതികളും വിഹിതങ്ങളും സംബന്ധിച്ച രജിസ്റ്റർ**

വാറ്റ്, വരുമാന നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നീയിനങ്ങളിൽ സർക്കാരിലേക്കും മറ്റും അടയ്ക്കാനുള്ള തുക വിവിധ ബില്ലുകളിൽ നിന്ന് കുറവു ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഓഡിറ്റുവർഷം എത്ര തുക കുറവുചെയ്തു, മുൻവർഷത്തേതുൾപ്പെടെ ഇപ്രകാരം കുറവു വരുത്തിയ തുകകളിൽ എത്രമാത്രം ഓഡിറ്റുവർഷം അടവു വരുത്തി, വർഷാന്ത്യം അടയ്ക്കാൻ ശേഷിക്കുന്ന തുക എന്നിവ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ഇത് നിക്ഷേപ രജിസ്റ്ററിലും കാണിക്കുന്നില്ല. തന്മൂലം ടിയിനങ്ങളിലെ അടവു സംബന്ധിച്ചതിന്റെ കൃത്യത നിർണയിക്കാൻ സാധിച്ചിട്ടില്ല.

- **പ്രോജക്ട് രജിസ്റ്റർ / സ്കീം രജിസ്റ്റർ**

കേരള വികസന പദ്ധതികളുമായി ബന്ധപ്പെട്ട പ്രോജക്ട് രജിസ്റ്റർ അപൂർണമാണ്. ഇതിൽ പ്രോജക്ടിന്റെ പേരും അടങ്കൽ തുകയും മാത്രമാണ് എഴുതിയിട്ടുള്ളത്. എത്രതുക ചെലവായി, ചെലവിന്റെ വിവരം, ഡി.ഡി / ചെക്ക് നമ്പർ സഹിതം രേഖപ്പെടുത്തിയിട്ടില്ല.

- **വർഷാന്ത്യകണക്ക്**

2006-07 ലെ ബ്ലോക്ക് പഞ്ചായത്തിന്റെ വർഷാന്ത്യകണക്ക് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. തന്മൂലം ജില്ലാ ആസൂത്രണ സമിതിക്ക് പദ്ധതിച്ചെലവു സംബന്ധിച്ചു നൽകിയ കണക്കിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനും അതു വസ്തുനിഷ്ഠമാണോയെന്ന് വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല. പഞ്ചായത്ത് ഹാജരാക്കിയ പദ്ധതിച്ചെലവു സംബന്ധിച്ച പത്രികയിലെ വിവരങ്ങൾ വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1.4 കേരള വികസനപദ്ധതി

- **എ) പദ്ധതി അംഗീകാരം**

2006-07 വർഷത്തെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ പ്രോജക്ടുകൾക്ക് 29.6.06 ലെ ഭരണസമിതി ഒന്നാം നമ്പരായി അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ജനറൽ വിഭാഗത്തിൽ 54, പ്രത്യേക ഘടകപദ്ധതിയിൽ 32 എന്നിങ്ങനെ 86 പ്രോജക്ടുകൾക്ക് 11613000 രൂപയുടെ അടങ്കലാണ് അംഗീകരിച്ചത്. എസ്.ജി.ആർ.വൈ സ്കീമിന്റെ വാർഷിക കർമപദ്ധതി 25.7.06 ൽ ചേർന്ന ഭരണസമിതിയോഗം മൂന്നാം നമ്പർ തീരുമാനം മുഖേന അംഗീകരിച്ചു. ഇതുപ്രകാരം 2993410 രൂപ പുതിയ പദ്ധതികൾക്കും 568738 രൂപ കുടിശിക പദ്ധതികൾക്കുമായി ആകെ 3562146 രൂപയുടെ അടങ്കലാണ് അംഗീകരിച്ചത്.

- **ബി) പദ്ധതി നിർവഹണം**

ഓഡിറ്റുവർഷം വിവിധ മേഖലകളിലായി വകയിരുത്തിയതും ചെലവഴിച്ചതുമായ പദ്ധതികളുടെ സംഗ്രഹം താഴെക്കൊടുക്കുന്നു.

| മേഖല | പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | പദ്ധതികൾ |
|---|---|---|---|---|
| പൊതുവിഭാഗം | 54 | 6716000 | 7618822 | 45 |
| പ്രത്യേക ഘടക പദ്ധതി | 31 | 4805000 | 3700348 | 21 |
| പട്ടികവർഗ ഉപ പദ്ധതി | 1 | 920000 | 92000 | 1 |
| ആകെ | | 11613000 | 11411170 | |

ഉത്പാദന മേഖലയിൽ തോടുകളിൽ തടയണ, പാടശേഖരങ്ങൾക്ക് പുറംബണ്ട് നിർമാണം, മോട്ടോർ പുരകളുടെ നിർമാണം, കനാൽ വികസനം, ഭക്ഷ്യ സംസ്കരണ വിപണന യൂണിറ്റിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് നിർവഹിക്കപ്പെട്ടത്.

സേവനമേഖലയിൽ വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾ, ക്ലബുകൾക്ക് ഫർണിച്ചർ വാങ്ങൽ, ലൈബ്രറികൾക്ക് പുസ്തകം, പട്ടികജാതി കോളനികളിൽ ടി.വി. സെറ്റ് വാങ്ങൽ, അക്ഷയപദ്ധതി, ഭവനനിർമാണം എന്നിവയാണ് മുഖ്യമായും നിർവഹിക്കപ്പെട്ടത്. കൂടാതെ വൃദ്ധമന്ദിരം നിർമിക്കുന്നതിന് മുളക്കുളം പഞ്ചായത്തിനും മാലിന്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്തിനും ധനസഹായം നൽകി. പശ്ചാത്തലമേഖലയിൽ വിവിധ റോഡുകളുടെ നിർമാണം, ഉദ്ധാരണം, സംരക്ഷണ പ്രവൃത്തികൾ, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പദ്ധതി എന്നിവ നിർവഹിക്കപ്പെട്ടു.

- **സി) കാർഷിക മേഖലയിലെ പദ്ധതികൾ സെക്രട്ടറി നേരിട്ടു നിർവഹിച്ചു**

മോട്ടോർ പുരകളുടെ നിർമാണം, തോടുകൾ തെളിക്കൽ, മോട്ടോർ പെട്ടിപറ സ്ഥാപിക്കൽ, പുറംബണ്ടുകളുടെ നിർമാണം എന്നിങ്ങനെ കൃഷിമേഖലയിൽ ഉൾപ്പെടുന്ന പദ്ധതികൾ സെക്രട്ടറി നേരിട്ടാണ് നിർവഹിച്ചത്. കൃഷിമേഖലയിൽ സാങ്കേതിക പരിജ്ഞാനം ആവശ്യമായ ടി പ്രവൃത്തികൾ അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു നിർവഹിക്കേണ്ടത്. ടി പ്രവൃത്തികൾ ടിയാനെ ഏല്പിക്കുന്നതിന് ബ്ലോക്ക് ഭരണസമിതി 25.7.06 ലെ ഒന്നാം നമ്പർ തീരുമാനത്തിലൂടെയും 15.12.06 ലെ ഭരണസമിതി യോഗത്തിന്റെ ഒന്നാം നമ്പർ തീരുമാനത്തിലൂടെയും അംഗീകാരം നൽകിയിട്ടുള്ളതാണ്. കൃഷിമേഖലയിലെ പ്രോജക്ടുകൾ സെക്രട്ടറി നേരിട്ടു നിർവഹണം നടത്താൻ പാടില്ലെന്ന് സർക്കാർ 37803/പി2/98/തഭവ/തീയതി : 11.9.98 നമ്പർ സർക്കുലറിലൂടെ നിർദേശിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കാർ നിർദേശത്തേയും പഞ്ചായത്തിന്റെ ഭരണസമിതിയുടെ തീരുമാനത്തേയും നിരാകരിച്ച് മേൽ പ്രവൃത്തികൾ സെക്രട്ടറി നേരിട്ടു നിർവഹിച്ചു.

## ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2–1) രസീതു പ്രകാരമുള്ള തുകകൾ ഇനം തിരിച്ച് അക്കൗണ്ട് ചെയ്തിട്ടില്ല

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് ഓഡിറ്റുവർഷം വിവിധ ഇനങ്ങളിലായി താഴെപ്പറയുംപ്രകാരം ആകെ 182138 രൂപ രസീതുമുഖേന പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇവ പൂർണമായും കാഷ്ബുക്കിൽ രേഖപ്പെടുത്തുകയോ ഇനം തിരിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| വരവിനങ്ങൾ | തുക |
|---|---|
| ഗുണഭോക്തൃവിഹിതം | 119084 |
| നിരതദ്രവ്യം | 19050 |
| ടെൻഡർ ഫോം വില്പന | 38877 |
| അധികം നൽകിയത് തിരികെ ഈടാക്കിയത് | 4627 |
| ബ്ലോക്ക് പുരയിടം കൃഷിക്ക് പാട്ടത്തിനു നൽകിയത് | 500 |
| ആകെ | 182138 |

### 2.2 രസീതുബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരവുകളായ കുത്തകപ്പാട്ടം, ലേലം, ടെൻഡർ ഫോം വില മുതലായ വരവു തുകകൾ പിരിക്കുന്നതിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ സൂക്ഷിപ്പിലും രസീത് പ്രകാരമുള്ള പണം പിരിവിലും ഗൗരവമേറിയ അപാകതകൾ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. രസീതുബുക്കുകൾക്ക് പ്രത്യേകമായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. സ്ഥാപനം തന്നെ അച്ചടിച്ചു തയ്യാറാക്കുന്ന രസീതുബുക്കുകളുടെ എണ്ണത്തിൽ കൃത്യമായ കണക്കോ ആധികാരികമായ സാക്ഷ്യപ്പെടുത്തലുകളോ ഒന്നും കാണുന്നില്ല.
3. രസീത്ബുക്ക് ആർക്ക്, ഏതു തീയതിയിൽ ഇഷ്യു ചെയ്തെന്ന് വ്യക്തമാക്കുന്ന രേഖകളില്ല.
4. രസീതുബുക്ക് പ്രകാരമുള്ള വരവുതുകകൾ യഥാസമയം കാഷ്ബുക്കിൽ വരവുവയ്ക്കുകയോ ബാങ്കിൽ അടവാക്കുകയോ ചെയ്യുന്നില്ല.

5. ക്യാൻസൽ ചെയ്യുന്ന രസീതുകളുടെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും കാർബൺ ഉപയോഗിക്കാതെയാണ് ക്യാൻസൽ ചെയ്തിരിക്കുന്നത്. അകാരണമായി ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

**2.3 നബാർഡ് റീ ഇംബേഴ്സ്മെന്റ് തുക ട്രഷറിയിൽ അടയ്ക്കാൻ പിൻവലിച്ച് ധനാപഹരണം നടത്തി**

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട മങ്ങാട്ടുകാവ് മഠത്തിപ്പറമ്പ് റോഡിന്റെ നിർമാണത്തിന് നബാർഡിൽ നിന്ന് 1109000 രൂപ റീഇംബേഴ്സ് ചെയ്തുകിട്ടി. ഇതിൽ നിന്ന് രണ്ടു ലക്ഷം രൂപ ടി റോഡ് നിർമാണത്തിന്റെ കരാറുകാരനായ ശ്രീ. അലക്സ് പി. സിറിയക്കിന് നൽകുന്നതിനും ബാക്കി 909000 രൂപ സർക്കാർ ഹെഡിലേക്ക് തിരിച്ചടയ്ക്കുന്നതിനും 27.3.06 ലെ പഞ്ചായത്ത് ഭരണസമിതി 18-ാം നമ്പർ പ്രമേയത്തിലൂടെ തീരുമാനിച്ചു.

കടുത്തുരുത്തി നിയമസഭാ മണ്ഡലത്തിന്റെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസറായി ബി.ഡി.ഒ ശ്രീ. എ. സുരേഷ്കുമാർ നിശ്ചിത കാലയളവിലേക്ക് നിയമിക്കപ്പെടുകയുണ്ടായി. ടിയാൻ ടി പദവിയിൽ നിന്ന് 31.5.06 ന് വിടുതൽ ചെയ്യുകയും മാവേലിക്കര ബ്ലോക്കിലേക്ക് തിരികെ പോകുകയും ചെയ്തു. ഇതേദിവസം ടിയാൻ ബ്ലോക്ക് പഞ്ചായത്തിന് സിൻഡിക്കേറ്റ് ബാങ്കിലുള്ള അക്കൗണ്ടിൽ നിന്ന് (അക്കൗണ്ട് നമ്പർ 13892) 909000 രൂപ പിൻവലിക്കുകയും (ബാങ്ക് സ്ക്രോൾ പ്രകാരം ടി തുക പിൻവലിക്കുന്നതിന് മുമ്പുള്ള കാഷ് ബാലൻസ് 2217565 രൂപയും പിൻവലിച്ചതിനു ശേഷമുള്ള കാഷ്ബാലൻസ് 1308565 രൂപയുമാണ്.) ഇതിൽ 109000 രൂപ മാത്രം ട്രഷറി ചെലാൻ മുഖേന സർക്കാർ ഹെഡിലേക്ക് അടവു വരുത്തുകയും എട്ടു ലക്ഷം രൂപ ധനാപഹരണം നടത്തുകയും ചെലാനിൽ അടച്ച തുക 109000 എന്നത് 909000 എന്ന് തിരുത്തി രേഖപ്പെടുത്തുകയും ചെയ്തു. ടി വിഷയം ഇപ്പോൾ വിജിലൻസ് പരിഗണനയിലാണ്.

19.6.06 ലെ പഞ്ചായത്തുകമ്മിറ്റിയുടെ യോഗത്തിന്റെ ആമുഖപ്രസംഗത്തിൽ പ്രസ്തുത എട്ടുലക്ഷം രൂപയിൽ 5.74 ലക്ഷം രൂപ ശ്രീ. സുരേഷ്കുമാറിൽ നിന്ന് 1.998 ലക്ഷം രൂപ എൽ.ഡി.ക്ലർക്ക് ശ്രീ. അഭിലാഷ് സുകുമാരനിൽ നിന്ന് പോലീസ് കണ്ടെത്തതായി പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 കൂടി കാണുക)

**2.4 ബില്ലു മാറിയ പണം ബാങ്കിൽ നിക്ഷേപിച്ചതിൽ കുറവ്**

ബിൽ നമ്പർ 15/06-07 മുഖേന പ്ലാൻ ഫണ്ട് 16276 രൂപ കടുത്തുരുത്തി സബ്ട്രഷറിയിൽ നിന്ന് 21.11.06 ൽ മാറിയിട്ടുണ്ട്. എന്നാൽ ഇതിൽ സിൻഡിക്കേറ്റ് ബാങ്കിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 13892) 22.11.06 ൽ നിക്ഷേപിച്ചത് 15452 രൂപ മാത്രമാണ് എന്നു കാണുന്നു. അതായത് 824 രൂപ കുറവാണ് ബാങ്കിൽ അടച്ചത്. ഈ തുക ഏതെങ്കിലും പ്രകാരത്തിൽ കുറവ് വരുത്തിയതായോ വരവു വയ്ക്കപ്പെട്ടതായോ വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി തുക ഉത്തരവാദികളിൽ നിന്ന് നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം 3 - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### പൊതുഉപയോഗ ഗ്രാന്റ്

**3-1) പഞ്ചായത്ത് അംഗങ്ങൾക്ക് കിലയിൽ പരിശീലനം - താമസത്തിന് ഉയർന്ന ദിനബത്ത അനുവദിച്ചു-ക്രമവിരുദ്ധം**

1) വൗച്ചർ നമ്പർ : 2-3/06-07 തുക : 5154 ചെക്ക് നമ്പർ : 338337/1.3.07
2) വൗച്ചർ നമ്പർ : 10-3/06-07 തുക : 2383 ചെക്ക് നമ്പർ : 338343/27.3.07

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ അംഗങ്ങൾക്ക് തൃശൂർ മുളങ്കുന്നത്തുകാവിലുള്ള കിലയിൽ പരിശീലനം നൽകിയതിനെ തുടർന്ന് മേൽ വൗച്ചറുകൾ മുഖേന യാത്രാപ്പടി നൽകിയിട്ടുണ്ട്.

കിലയിലെ പരിശീലനത്തിന് താമസസൗകര്യവും ഭക്ഷണവും സൗജന്യമായി ലഭിക്കുന്നതാണ്. താമസസൗകര്യവും ഭക്ഷണവും സൗജന്യമായി ലഭിക്കുന്ന വേളയിൽ

താമസത്തിനുള്ള ദിനബത്ത അർഹമായതിന്റെ 1/4 നിരക്കിൽ വേണം നിർണയിക്കാൻ എന്ന് കെ.എസ്.ആർ. പാർട്ട് 2 റൂൾ 39 നിഷ്കർഷിക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമായി ഉയർന്ന നിരക്കിൽ ദിനബത്ത അനുവദിച്ചു. യാത്രാബില്ലിലെ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി അർഹമായതും അധികം നൽകിയതുമായ ദിനബത്തയുടെ വിവരം താഴെ പ്രതിപാദിക്കുന്നു.

| അംഗങ്ങൾ | താമസ ദിനങ്ങൾ | അർഹമായ ദിനബത്ത | നൽകിയ ദിനബത്ത | അധികം നൽകിയത് |
|---|---|---|---|---|
| ശ്രീ. പി.ജി.ത്രിഗുണസെൻ, വൈസ് പ്രസിഡന്റ് | 3 | 112.50 | 375 | 262.50 |
| ശ്രീ. സജീവ് എബ്രഹാം, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ | 3 | 112.50 | 375 | 262.50 |
| ശ്രീ. എ.കെ. ഗോപാലൻ, മെമ്പർ | 3 | 90.00 | 300 | 210.00 |
| ശ്രീ. കെ.ഡി.വിശ്വനാഥൻ, മെമ്പർ | 3 | 90.00 | 300 | 210.00 |
| ശ്രീ. വി.എൽ. തോമസ്, മെമ്പർ | 3 | 90.00 | 300 | 210 |
| ശ്രീമതി ആൻസി അഗസ്റ്റിൻ , മെമ്പർ | 3 | 90.00 | 300 | 210 |
| ശ്രീമതി ഗോമതിയമ്മാൾ, പ്രസിഡന്റ് (12/06) | 3 | 112.50 | 360 | 247.50 |
| ശ്രീമതി ഗോമതിയമ്മാൾ, പ്രസിഡന്റ് (2/07) | 2 | 75.00 | 240 | 165.00 |
| ആകെ | | | | 1777.50 |

ദിനബത്ത അർഹത

പ്രസിഡന്റ് / വൈസ്പ്രസിഡന്റ്/ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ : ദിനബത്ത :150 രൂപ

1/4 നിരക്ക് 37.50 രൂപ

മെമ്പർമാർ : ദിനബത്ത : 120 രൂപ

1/4 നിരക്ക് : 35 രൂപ

ക്രമവിരുദ്ധമായി അധികം നൽകിയ ദിനബത്ത 1777.50 രൂപ പ്രസ്തുത മെമ്പർമാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാത്രാബിൽ അംഗീകരിച്ച് പേമെന്റ് ഓർഡർ പാസാക്കിയ സെക്രട്ടറിയിൽ നിന്ന് ടി തുക ഈടാക്കേണ്ടതാണ്.

**കേരള വികസനപദ്ധതി**

**സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ**

**3.2 പൈപ്പുവില അധികം നൽകി**

| | |
|---|---|
| പ്രോജക്ട് | മാടത്തോടം കുടിവെള്ള പദ്ധതി |
| പ്രോജക്ട് നമ്പർ | എസ്. 099/07 |
| ടി.എസ്. നമ്പർ | ഫയൽ നമ്പർ 483/പി.ഡബ്ല്യു./കെ.ഡി.വൈ.ബി/06-07 തീയതി: 20.3.07 |
| ടി.എസ്. തുക | 89500 രൂപ |
| അളവുപുസ്തകം | 38/06-07 |
| കൺവീനർ | ശ്രീ. വി.കെ. ബാബു |

സാങ്കേതികാനുമതി ലഭിച്ചത് 89500 രൂപയ്ക്കാണെങ്കിലും വിശദമായ എസ്റ്റിമേറ്റ് പ്രകാരം ചെലവുതുക 81500 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം 82217 രൂപ പ്രവൃത്തിച്ചെലവും 283 രൂപ കണ്ടിൻജൻസിയും ചേർത്ത് ആകെ തുക 89500 രൂപയാണ്. എസ്റ്റിമേറ്റ് പ്രകാരം 1200 മീറ്റർ നീളത്തിൽ ട്രഞ്ച് കുഴിച്ച് പൈപ്പ് സ്ഥാപിക്കാൻ വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയതെന്നു കാണുന്നു. എന്നാൽ ഇത് ഏതു കുടിവെള്ളപദ്ധതിയുടെ ഭാഗമാണെന്ന് വ്യക്തമാക്കിയിട്ടില്ല. ടാപ്പുകൾ സ്ഥാപിക്കാനും തുക വകയിരുത്തിയിട്ടില്ല. ജനോപകാരപ്രദമായി പദ്ധതി നടപ്പാക്കുന്നത് എങ്ങനെയന്നും വ്യക്തമല്ല.

ഹാജരാക്കിയ ഡേറ്റാ അനുസരിച്ച് 40 എം.എം. വ്യാസമുള്ള പി.വി.സി പൈപ്പ് 10 കി.ഗ്രാം/ സെ.മീ$^2$ സ്ഥാപിക്കുന്നതിന് 10% കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടെ മീറ്ററിന്

41.12 രൂപ ചെലവ് കണക്കാക്കുന്നു. 50 മി.മീ വ്യാസമുള്ള പി.വി.സി പൈപ്പ് 6 കി.ഗ്രാം/ സെ.മീ$^2$ സ്ഥാപിക്കുന്നതിന് കരാറുകാരനുള്ള പത്തുശതമാനം ലാഭം ഉൾപ്പെടെ മീറ്ററിന് 61.09 രൂപയും കണക്കാക്കിയിട്ടുണ്ട്. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതനുസരിച്ച് 40 മി.മീ. പി.വി.സി പൈപ്പ് 460 മീറ്റർ സ്ഥാപിച്ചതിന് 41.12/മീ. പ്രകാരം 18915.40 രൂപയും 50 എം.എം. പി.വി.സി പൈപ്പ് 560 മീറ്റർ സ്ഥാപിച്ചതിന് 61.09 രൂപ/മീ. പ്രകാരം 34210.40 രൂപയും അനുവദിച്ചിട്ടുണ്ട്. 560 മീറ്റർ പൈപ്പിന്റെ വിലയിലുള്ള വ്യത്യാസം എന്നു രേഖപ്പെടുത്തി 11.55 /മീ. പ്രകാരം 6468 രൂപ കുറവു ചെയ്തിട്ടുണ്ട്. അതോടൊപ്പം ആകെ വേലമൂല്യമായ 77821 രൂപയിൽ നിന്ന് കരാറുകാരന്റെ ലാഭമായ 10% തുക അതായത് 7782 രൂപ കുറവു ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള കിഴിവിനുശേഷം 63571 രൂപയാണ് ആകെ വേലമൂല്യമായി രേഖപ്പെടുത്തിയിട്ടുള്ളത്.

കേരള വാട്ടർ അതോറിറ്റി (കോട്ടയം) യിൽ നിന്ന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ആവശ്യമായ പൈപ്പുകൾ കുറഞ്ഞ നിരക്കിൽ സപ്ലൈ ചെയ്യാൻ തയ്യാറുള്ള സ്ഥാപനങ്ങളുടെ പേരും വിലയും സഹിതം അറിയിപ്പു നൽകിയിട്ടുള്ളതാണ്. പ്രസ്തുത അറിയിപ്പിലെ വിവരങ്ങൾ അവഗണിച്ചുകൊണ്ട് പൈപ്പുകൾ ഉയർന്ന വില കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതനുസരിച്ച് കൺവീനർക്ക് പണം കൊടുക്കുകയും ചെയ്തതിനാൽ അധികച്ചെലവുണ്ടായതായി കാണുന്നു. ഇത് താഴെപ്പറയും പ്രകാരമാണ്.

10 കി.ഗ്രാം/ സെ.മീ$^2$ പ്രഷർ ഉള്ള 40 എം.എം. പി.വി.സി പൈപ്പിന് 31.35 രൂപയാണ് കണക്കാക്കിയത്. 6 കി.ഗ്രാം/ സെ.മീ$^2$ പ്രഷറുള്ള 50 മി.മീ പി.വി.സി പൈപ്പിന് 49.11 രൂപയും കണക്കാക്കിയാണ് ഡേറ്റാ തയ്യാറാക്കിയത്. 40 എം.എം പൈപ്പ് സ്ഥാപിക്കുന്നതിന് പൈപ്പിന്റെ വില ഉൾപ്പെടെ മീറ്ററിന് 41.12 രൂപയും 50.മി.മീ പൈപ്പ് സ്ഥാപിക്കുന്നതിന് 61.09 രൂപയുമാണ് കണക്കാക്കിയത്. 2006-07 ൽ ഡി.എൽ.പി.സി അംഗീകൃത നിരക്ക് 40 എം.എം./10 സെ.മീ$^2$ പി.വി.സി പൈപ്പിന് 28.44 രൂപയും 50 മി.മീ./6 സെ.മീ$^2$ പി.വി.സി പൈപ്പിന് 28.46 രൂപയുമാണ്. ഇതിനോടൊപ്പം ഡേറ്റാ പ്രകാരമുള്ള ലേയിങ് ചാർജുകൂടി ചേർക്കുമ്പോൾ 40 മീ/10 കി.ഗ്രാം/ സെ.മീ$^2$ , 50 മി.മീ. /6 കി.ഗ്രാം/ സെ.മീ$^2$ പൈപ്പുകൾക്ക് യഥാക്രമം 34.47 രൂപയും 34.88 രൂപയുമാണ് അംഗീകരിക്കാവുന്ന നിരക്ക്. കരാറുകാരന്റെ ലാഭം ഇല്ലാതെയാണ് രണ്ടുതരം പൈപ്പിന്റെയും ചെലവു കണക്കാക്കിയിരിക്കുന്നത്. അളവു പുസ്തകം പ്രകാരമുള്ള ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ട്രഞ്ചിങ് 255 മീ.' 968.44/10 മീ' പ്രകാരം | 24695.22 |
| 40 മി.മീ. വ്യാസമുള്ള പി.വി.സി പൈപ്പ് സ്പെഷ്യൽസ് ഉൾപ്പെടെ 460 മീ. 41.12 രൂപ പ്രകാരം | 18915.00 |
| 50 മി.മീ. വ്യാസമുള്ള പി.വി.സി പൈപ്പ് 560 മീ. 61.09 രൂപ പ്രകാരം | 34210.40 |
| ആകെ | 77820.82 |
| കരാറുകാരന്റെ ലാഭം | 7782 |
| പൈപ്പിന്റെ വിലവ്യത്യാസം | 6468 |
| | 14250 |

അംഗീകരിച്ച മൂല്യം 63571 രൂപ 40 മി.മീ. വ്യാസമുള്ള പൈപ്പിന് 460 മീറ്ററിന് 18915 രൂപയും 500 മി.മീ. വ്യാസമുള്ള പൈപ്പിന് 560 മീറ്ററിന് 34210 രൂപയും ചേർത്ത് ആകെ 53125 രൂപ കണക്കാക്കി. യഥാർത്ഥത്തിൽ വാട്ടർ അതോറിറ്റി നിരക്കു പ്രകാരം ആകെ : 35389 രൂപയാണ് അനുവദനീയമായ തുക. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(34.47 X 460 = 15856

34.88 X 560 = 19533)

ആകെ കൊടുത്ത 53125 രൂപയിൽ നിന്ന് പത്തു ശതമാനം കരാറുകാരന്റെ ലാഭവും (5313) പൈപ്പിന്റെ വില വ്യത്യാസവും ചേർത്ത് (6468) ആകെ 11781 രൂപ കുറവു ചെയ്യേണ്ടതുണ്ട്. അപ്രകാരം കണക്കാക്കുമ്പോൾ അനുവദിച്ച തുക 41344 രൂപയാണ്.

(53125-11781) ഇപ്രകാരം ആകെ 41344-35389 = 5955 രൂപ അധികച്ചെലവ് ഉണ്ടായതായി കാണുന്നു. അധികച്ചെലവ് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

| | |
|---|---|
| കൺവീനർക്കു കൊടുത്ത തുക | 59963 |
| കണ്ടിൻജന്റ് ബിൽ നമ്പർ | 89/06-07 |
| ഫൈനൽ ബിൽ തുക | 68545 |

### 3.3 കീരിമുകളേൽ കുടിവെള്ളപദ്ധതി : ചട്ടം ലംഘിച്ചു-സമഗ്രമായ അന്വേഷണം നടത്തുന്നത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 127/04 |
| സാങ്കേതികാനുമതി നമ്പർ | 2007/പി.ഡബ്ല്യു/കെ.ഡി.വൈ തീയതി : 27.11.04 |
| തുക | 220000 |

പ്ലാൻ ഫണ്ടിൽ നിന്ന് 55000 രൂപയും എസ്.ജി.ആർ.വൈ എസ്.സി.പി ഫണ്ടിൽ നിന്ന് 165000 രൂപയും ചേർത്ത് 220000 രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. മാഞ്ഞൂർ പഞ്ചായത്തിലെ 12-ാം വാർഡിൽ കീരിമുകളേൽ ഭാഗത്ത് കുളം കുഴിച്ച് അഞ്ച് എച്ച്.പി. മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ ആകെ ഏഴിനങ്ങളിലായി 220000 രൂപ ചെലവു പ്രതീക്ഷിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മോട്ടോർ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയില്ല. പദ്ധതി നടത്തിപ്പിനെപ്പറ്റി ആലോചിക്കുന്നതിന് 2004 ഫെബ്രുവരി 28 നു ചേർന്ന പൊതുയോഗത്തിൽ ശ്രീ. ടി.എ. ജോയിയെ കൺവീനറായി തിരഞ്ഞെടുത്തു. പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**ഗുണഭോക്തൃസമിതി ചെയർമാനെ തിരഞ്ഞെടുത്തിട്ടില്ല**

2004 ഫെബ്രുവരി 28 ന് ചേർന്ന 114 പേർ പങ്കെടുത്ത പൊതുയോഗത്തിൽ കൺവീനറായി ശ്രീ. ടി.എ.ജോയിയെ തിരഞ്ഞെടുത്തെങ്കിലും ചെയർമാനെ തിരഞ്ഞെടുത്തതായി രേഖയില്ല. സർവശ്രീ. ടി.എ. ജോയി, കെ.സി.ജോസഫ്, സാബു ജോസഫ്, പി.എൻ.മോഹനൻ, പി.എസ്.ജോൺ തുടങ്ങി ആറുപേർ കമ്മിറ്റി അംഗങ്ങളായി ഗുണഭോക്തൃസമിതിയും രൂപീകരിച്ചതായി കാണുന്നു. എന്നാൽ ഗുണഭോക്തൃസമിതി പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ ഏഴുപേരാണ് ഒപ്പിട്ടിരിക്കുന്നത്. മുൻപേ സൂചിപ്പിച്ച ആറുപേരെ കൂടാതെ ശ്രീമതി അന്നക്കുട്ടി തങ്കച്ചൻ എന്നയാൾകൂടി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടാത്തയാൾ കരാറിൽ ഏർപ്പെട്ടത് എങ്ങനെയെന്നു വ്യക്തമല്ല. പഞ്ചായത്തുമായി ഏർപ്പെട്ട ഒരു കരാറിലും രേഖയിലും ചെയർമാൻ എന്ന നിലയിൽ ആരും ഒപ്പിട്ടതായി കാണുന്നില്ല. പൊതുയോഗമിനിറ്റ്സ്, സമിതി രൂപീകരണ രേഖകൾ, ചെയർമാൻ, കൺവീനർ, സമിതിയംഗങ്ങൾ എന്നിവരുടെ തിരഞ്ഞെടുപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട അവശ്യരേഖകൾ പരിശോധിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി നിർവഹണ ചുമതല ഏല്പിച്ചതെന്നു വ്യക്തമാണ്.

ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ സമിതി രൂപീകരിക്കുന്നതിനു പകരം ശ്രീ.ടി.എ.ജോയി പ്രസിഡന്റും ശ്രീ. കെ.സി.ജോസ് സെക്രട്ടറിയും ആയി കെ. 404/04 നമ്പരിൽ ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ചതായി കാണുന്നു. സൊസൈറ്റി എസ്.ബി.ടിയുടെ കുറുപ്പുന്തറ ശാഖയിൽ 8366 നമ്പരിൽ അക്കൗണ്ട് തുടങ്ങിയതായും വ്യക്തമാണ്. 16.3.07 ൽ ചേർന്ന പൊതുയോഗത്തിന്റെ മിനിറ്റ്സിൽ നിന്നും ഇക്കാര്യങ്ങൾ വ്യക്തമാണ്.

ജനകീയാസൂത്രണത്തിൽ പ്രവൃത്തി നിർവഹണത്തിനായി സർക്കാർ യഥാകാലം ഉത്തരവുകൾ പുറപ്പെടുവിക്കുകയും നിയമങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇവയിലൊന്നിലും ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് പ്രവൃത്തി നിർവഹിക്കാൻ നിർദേശിച്ചിട്ടില്ല. ഗുണഭോക്തൃസമിതി രൂപീകരിച്ചതായി രേഖയുണ്ടാക്കുകയും വ്യവസ്ഥകൾ ലംഘിച്ച് കരാർ ഒപ്പിടുകയും ചെയ്തത് ഗുരുതരമായ ചട്ടലംഘനമാണ്.

**എസ്.ജി.ആർ.വൈ. പദ്ധതി കരാറുകാരൻ നടപ്പാക്കി**

30.10.05 ൽ കേരള മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്ന് 16704/സി.എം. പി.ജി.ആർ.സി/2005/ജി.എ.ഡി നമ്പരായി പാലാ ആർ.ഡി.ഒയ്ക്ക് അന്വേഷണത്തിനും നടപടികൾക്കുമായി അയച്ചുകൊടുത്തതും , പാലാ ആർ.ഡി.ഒ.യുടെ ഓഫീസിൽ നിന്ന് 15.11.05 ൽ എ2/4134/05 നമ്പരായി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിക്ക് അന്വേഷണ റിപ്പോർട്ടു സഹിതം മറുപടി ആവശ്യപ്പെട്ടിട്ടുള്ളതും ആയ പരാതി പദ്ധതി യിൽ കാണപ്പെട്ട വ്യാപകമായ ക്രമക്കേടുകളും അഴിമതിയും വെളിച്ചത്തുകൊണ്ടുവരുന്ന താണ്. ഗുണഭോക്തൃ സമിതിയിലെ ഏതാനും അംഗങ്ങൾ (കൺവീനർ ഉൾപ്പെടെ) മറ്റു ചിലരും ചേർന്ന് ഒപ്പുവച്ച പ്രസ്തുത പരാതിയിൽ ടി കുടിവെള്ള പദ്ധതി ശ്രീ. മാത്യു പായി ക്കാട്ട്, ശ്രീ. കെ.കെ.ലൂക്കോസ് കൂട്ടക്കൈതയിൽ എന്നീ കരാറുകാർ ചേർന്നു നിർവഹിച്ച തായി ആരോപിച്ചിട്ടുണ്ട്. ആദ്യഗഡു കരാറുകാരൻ കൈപ്പറ്റിയതായും പ്രസ്താവിച്ചു കാണുന്നു.

1997 ലെ കേരള പഞ്ചായത്തുരാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങ ളിലെ ചട്ടം 13 (5)-ാം ഉപവകുപ്പ് ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണികളുടെ കാര്യത്തിൽ ബിനാമി ഇടപാടുകൾ പാടില്ലാത്തതും ബിനാമി ഇടപാടുകൾ വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനർ (4)-ാം ഉപചട്ടം പ്രകാരം പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടു ന്നതും ഗുണഭോക്തൃ സമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത പണി പഞ്ചാ യത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തീകരിക്കപ്പെടേണ്ടതും ബിനാമി ഇടപാ ടിന് കാരണക്കാർ ആയവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദിക ളായി കണക്കാക്കപ്പെടുന്നതുമാണ് എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എസ്.ജി. ആർ.വൈ പദ്ധതി നടത്തിപ്പിനായി പുറപ്പെടുവിച്ചിട്ടുള്ള 30.11.01 ലെ ജി.ഒ (എം.എസ്) 297/2001/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4 പ്രകാരവും കരാറുകാർ പ്രവൃത്തി ചെയ്യുന്നത് വിലക്കിയിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുക്കാതെ കരാറുകാരെ പ്രവൃത്തി നിർവഹണ ചുമതല ഏല്പിച്ചത് ചട്ടവിരുദ്ധമാണ്. സർക്കാർ യഥാകാലം പുറ പ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾക്ക് അനുസൃതമായി പ്രവൃത്തി നിർവഹിച്ചുകൊള്ളാ മെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ബ്ലോക്ക് പഞ്ചായത്തുമായി ഗുണഭോക്തൃസമിതിയും കൺവീനറും ഏർപ്പെട്ട കരാറിന്റെ ഗുരുതരമായ ലംഘനവുമാണ് പ്രസ്തുത നടപടി. കരാർ വ്യവസ്ഥകളും ചട്ടങ്ങളും ലംഘിച്ചതിനാൽ ബന്ധപ്പെട്ടവർക്കെതിരേ നടപടിയെടുക്കേണ്ട താണ്.

**ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ അന്വേഷിക്കണം**

ഗുണഭോക്തൃസമിതി മുഖ്യമന്ത്രിക്ക് അയച്ച പരാതിയിൽ ആദ്യഗഡു കോൺട്രാ ക്ടർ കൈപ്പറ്റിയതായി ആരോപിച്ചിട്ടുണ്ട്. രണ്ടാം ഗഡു തുക ആവശ്യപ്പെട്ടെങ്കിലും പണി പൂർത്തിയാകാതിരുന്നതിനാൽ തുക കൊടുത്തില്ലെന്നും ഗുണഭോക്തൃസമിതി കെ 404/04 നമ്പരായി രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റികളുടെ പേരിലുള്ള ബാങ്ക് അക്കൗ ണ്ടിൽ ഇട്ടെന്നും പറയുന്നു. നിയമപ്രകാരം ഗുണഭോക്തൃസമിതി കൺവീനറുടേയും ചെയർമാന്റെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിലാണ് പണം നിക്ഷേപി ക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാതെ ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് അതിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ പദ്ധതിപ്പണം നിക്ഷേപിച്ചത് തെറ്റായ നടപടിയാണ്. വിചിത്രമായ സംഗതി ഒന്നാം ഗഡുവോ രണ്ടാം ഗഡുവോ ആയി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പണമൊന്നും നൽകിയിരുന്നില്ല എന്നതാണ്. 24.2.05 ൽ നൽകിയ ആദ്യഗഡു 8871 കി.ഗ്രാം ഭക്ഷ്യധാന്യമാണ്. 31.3.05 ൽ3437 കി.ഗ്രാം, 2126 കി.ഗ്രാം, 4026 കി.ഗ്രാം എന്നി ങ്ങനെ ആകെ 18460 കി.ഗ്രാം ഭക്ഷ്യധാന്യമാണ് നൽകിയത്. പ്രസ്തുത ധാന്യം ഓപ്പൺമാർക്കറ്റിൽ വിറ്റഴിച്ച പണമാണോ അക്കൗണ്ടിൽ വന്നതെന്ന് സംശയിക്കേണ്ടിയിരി ക്കുന്നു. ഫയലിൽ ഹാജരാക്കിയ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ടി അക്കൗണ്ട് നമ്പർ 57098936991) 25.1.05 മുതൽ 4.6.05 വരെയുള്ള കാലയളവിൽ ആകെ 121829 രൂപ

നിക്ഷേപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് പണമായി നൽകിയത് 23128 രൂപ മാത്രമാണ്. അതും 22.5.08 ൽ മാത്രം. 98-99 ലെ പദ്ധതി നിർവഹണ സഹായി ആറാം അധ്യായം ഖണ്ഡിക 11.0.3 പ്രകാരം ഗുണഭോക്തൃസമിതിയുടെ വരവുചെലവു കണക്കുകൾ പരിശോധിച്ചശേഷം മാത്രമേ ഫൈനൽ പേമെന്റ് കൊടുക്കാവൂ. എന്നാൽ ടി മരാമത്തുവേലയുടെ കണക്കുകൾ ഗുണഭോക്തൃസമിതി പാസാക്കുകയോ ആയത് സെക്രട്ടറി പരിശോധിക്കുകയോ ചെയ്തതായി രേഖയില്ല. ഗുണഭോക്തൃസമിതിയുടെ വരവുചെലവുകൾ പരിശോധിക്കാതെ ഫൈനൽ ബിൽ പാസാക്കിയത് ഗുരുതരമായ ചട്ടലംഘനമാണ്. ഈ സാഹചര്യത്തിൽ ഗുണഭോക്തൃസമിതി നടത്തിയ പണമിടപാടുകൾ വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

**ഭക്ഷ്യധാന്യവിതരണം- രേഖകൾ ഹാജരാക്കിയില്ല.**

22.5.04 ലെ എ7/4100/04 നമ്പർ ഉത്തരവു മുഖേന കോട്ടയം ജില്ലാ കളക്ടർ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 18.46 ടൺ ഭക്ഷ്യധാന്യം ലഭ്യമാക്കി. 11.6.04 ലെ എ7/4100/04 നമ്പർ ഉത്തരവു മുഖേന കളക്ടർ ടി ധാന്യം പി.എം.നസീർ & കമ്പനി, എ.ഡബ്ല്യു.ഡി 24, തലയോലപ്പറമ്പ് മുഖാന്തിരം വിതരണം നടത്താൻ ഡി.ആർ.ഡി.എ പ്രോജക്ട് ഓഫീസറെ ചുമതലപ്പെടുത്തി. പ്രസ്തുത ഭക്ഷ്യധാന്യം കൺവീനർ കൈപ്പറ്റിയതായി ഇൻഡന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് തൊഴിലാളികൾക്ക് വിതരണം ചെയ്തതായി രേഖയില്ല. അളവു പുസ്തകത്തിൽ 369 കാലിച്ചാക്കുകളുടെ വിലയിനത്തിൽ 1845 രൂപ കുറവു ചെയ്തിട്ടുണ്ട്. പക്ഷേ മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഭക്ഷ്യധാന്യവിതരണം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.

**മരാമത്തുപണി പൂർത്തിയാകാതെ ഫൈനൽ ബിൽ ഹാജരാക്കി**

എസ്റ്റിമേറ്റ് പ്രകാരം ആകെ ഏഴിനം പ്രവൃത്തികളാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മണ്ണുനീക്കം ചെയ്ത് കുളംകുഴിക്കുക, വെള്ളം വറ്റിക്കുക, ഭിത്തി കെട്ടുക എന്നീ മൂന്നിനം പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കിയത്. പദ്ധതികളുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ പദ്ധതി ഇപ്പോഴത്തെ അവസ്ഥയിൽ ക്ലോസ് ചെയ്യുന്നതിനും ആയതിന്റെ ചുമതല അസി. എൻജിനിയറെ ഏൽപ്പിച്ചു തീരുമാനിച്ചെന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 11.4.07 ലെ 13-ാം നമ്പർ തീരുമാനപ്രകാരമാണ് പണികൾ പൂർത്തിയാക്കാതെ ഫൈനൽ ബിൽ പാസാക്കിയത് എന്നു കാണുന്നു. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്തു പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 (5)-ാം ഉപവകുപ്പിന്റെ ലംഘനമാണ് ഇവിടെ നടന്നിട്ടുള്ളത്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണവും എസ്.ജി.ആർ.വൈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ട് ധനദുർവിനിയോഗം നടത്തിയതിനാൽ പ്രസ്തുത പദ്ധതിയുടെ എല്ലാ വശങ്ങളും അന്വേഷണ വിധേയമാക്കുകയും ഉത്തരവാദികളായവർക്കെതിരേ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

**3.4 മുൻകൂർ കൈപ്പറ്റി പ്രവൃത്തി ചെയ്തില്ല- തുക ഈടാക്കണം**

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ വ്യത്യസ്ത പദ്ധതികളുടെ നടത്തിപ്പിനായി മരാമത്തുപണികളുടെ കൺവീനർമാർ തുകകൾ കൈപ്പറ്റിയെങ്കിലും പ്രവൃത്തി ആരംഭിക്കുകപോലും ചെയ്യാത്തതായി കാണപ്പെട്ടു. ഇപ്രകാരം മുൻകൂർ തുക കൈപ്പറ്റിയ ശേഷം പ്രവൃത്തി പൂർത്തിയാക്കാത്ത കൺവീനർമാരുടെ പക്കൽ നിന്ന് മുൻകൂർ തുക പലിശസഹിതം ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെചേർക്കുന്നു.

| മുൻകൂർ കൊടുത്ത തീയതി | പദ്ധതിയുടെ പേര് | കൺവീനർ | തുക | വൗച്ചർ / ചെക്ക് നമ്പർ |
|---|---|---|---|---|
| 25.3.04 | കാഞ്ഞിരമുകളേൽ കോളനി കുടിവെള്ളവിതരണ പദ്ധതി (മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്) | ജോയിച്ചൻ പറമ്പിത്തടത്തിൽ, കടുത്തുരുത്തി | 62500 | ലഭ്യമല്ല |
| 16.6.05 | 137-ാം നമ്പർ അംഗൻവാടി | ടി.എസ്.ഏലിക്കു | 5500 | 4/05-06 |

| | | | | |
|---|---|---|---|---|
| | കെട്ടിടത്തിന് കിണർ നിർമാണം (മാടായിക്കുന്ന്) | ട്ടി, മുതുകുള ത്തിൽ, പൊതി | | |
| 16.6.05 | 140-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് കിണർ നിർമാണം (മാടായിക്കുന്ന്) | വിജയമ്മ ബാബു, അമ്പിളിനിവാസ് | 11250 | 4/05-06 |
| 29.6.05 | ഉദയംതറ കോളനിക്ക് സംര ക്ഷണഭിത്തി (കല്ലറ ഗ്രാമപഞ്ചാ യത്ത്) | ലഭ്യമല്ല | 8750 | 24/05-06 |
| ആകെ | | | 88000 | |

**3.5 ടെക്നിക്കൽ സർക്കുലർ നിർദേശം പാലിച്ചില്ല**

9.12.91 ലെ ടെക്നിക്കൽ സർക്കുലർ സി.ഇ (ആർ & ബി)/സി2/241029/91 പ്രകാരം സംരക്ഷണഭിത്തി നിർമിക്കുമ്പോൾ ആയതിന്റെ അടിത്തറയ്ക്ക് ഉയരത്തിന്റെ 0.4 മീറ്റർ മാത്രമേ വീതി അനുവദിക്കാവൂ. പ്രസ്തുത നിർദേശം പാലിക്കാതെ അധികവീതി അനുവദിച്ച് ഫൗണ്ടേഷൻ നിർമിച്ചതിനാൽ അധികച്ചെലവ് ഉണ്ടായതായി കണ്ടെത്തി. ഇത് താഴെപ്പറയും പ്രകാരമാണ്.

**1. പുളിഞ്ചുവട് പാലക്കോട് പാടശേഖരത്തിന്റെ വരംകെട്ട് (എസ്.ജി.ആർ.വൈ)**

| | |
|---|---|
| സാങ്കേതികാനുമതി നമ്പർ | 296/06-07 |
| സാങ്കേതികാനുമതി തുക | 65000 |
| കൺവീനർ | ശ്രീ. എൻ.ഡി.സോയി |
| അളവുപുസ്തകം | 50/06-07 |

**ഫൗണ്ടേഷൻ അളവുകൾ (അളവുപുസ്തകം പ്രകാരം)**

| | |
|---|---|
| 80.10 X 0.8 X 0.3 = | 19.22 എം$^3$ |
| എക്സ്ട്രാ ഡെപ്ത് | |
| 8 X 0.8 X 0.2 = | 1.28 എം$^3$ |
| ആകെ | 20.50 എം$^3$ |

**സൂപ്പർ സ്ട്രക്ചറിന്റെ അളവുകൾ**

| | |
|---|---|
| 80.10 X $\frac{0.6 + 0.5}{2}$ X 1.2 = | 52.86 എം$^3$ |
| 1.9 X 0.5 X 0.2 = | 0.19 എം$^3$ |
| ആകെ | 53.05 എം$^3$ |

(53.05 എം$^3$ ൽ നിന്ന് 2 എം$^3$ കുറച്ച് 51.05 എം$^3$ ആണ് അനുവദിച്ചത്.)

സൂപ്പർ സ്ട്രക്ചറിന്റെ ഉയരം 1.2 മീറ്ററാണ്. ഇതിന്റെ 0.4 എച്ച് ആയ 0.48 മീറ്റർ മാത്രമാണ് ഫൗണ്ടേഷന് അനുവദിക്കാവുന്ന വീതി. യഥാർത്ഥത്തിൽ 0.80 മീറ്ററാണ് അനുവദിച്ചത്. ഇതനുസരിച്ച് ഫൗണ്ടേഷന്റെ വീതി പുന:ക്രമീകരിക്കുന്നു.

| | |
|---|---|
| 80.10 X 0.48 X 0.3 = | 11.53 എം$^3$ |
| 8 X 0.48 X 0.2 = | 0.76 എം$^3$ |
| ആകെ | 12.29 എം$^3$ |
| അനുവദിച്ച അളവ് | 20.50 എം$^3$ |
| അനുവദനീയമായ അളവ് | 12.29 എം$^3$ |
| അധികം അനുവദിച്ചത് | 8.21 എം$^3$ |
| എം$^3$ ന് 611 രൂപ നിരക്കിൽ അധികച്ചെലവ് | 5016 രൂപ |

സൂപ്പർ സ്ട്രക്ചറിന് (0.60 + 0.50)/2 എന്ന അളവാണ് അനുവദിച്ചത്. 0.48 മീറ്റർ വീതിയുള്ള ഫൗണ്ടേഷനിൽ പ്രസ്തുത അളവിലുള്ള സൂപ്പർ സ്ട്രക്ടർ നിർമിക്കാൻ സാധ്യമല്ല. ശരാശരി വീതി 0.40 മീറ്റർ എന്നു കണക്കാക്കിയാൽ സൂപ്പർ സ്ട്രക്ചർ നിർമാണത്തിലുണ്ടായ അധികച്ചെലവ് താഴെപ്പറയും പ്രകാരമാണ്.

**അനുവദനീയമായ അളവ്**

| | |
|---|---|
| 80.10 X 0.40 X 1.2 = | 38.44 എം$^3$ |
| അനുവദിച്ചത് | 51.05 എം$^3$ |
| അധികമായി അനുവദിച്ചത് | 12.60 എം$^3$ |
| എം$^3$ ന് 611 രൂപ നിരക്കിൽ അധികച്ചെലവ് | 7699 രൂപ |
| ആകെ അധികച്ചെലവ് | 5016 + 7699 = 12715 രൂപ |

**2. കോലത്തുകരി വാച്ചാൽ മോട്ടോർപുര**

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 021/07 |
| അടങ്കൽ | 50000 രൂപ |
| സാങ്കേതികാനുമതി നമ്പർ | 344/പി.ഡബ്ല്യു/കെ.ഡി.വൈ ബ്ലോക്ക്/03 തീയതി : 22.12.06 |
| കൺവീനർ | ശ്രീ. എം.എസ്. നാരായണൻ |
| അളവുപുസ്തകം | 22/06-07 |

**സൂപ്പർ സ്ട്രക്ചറിന്റെ അളവുകൾ**

$10.30 \times \frac{0.90 + 0.5}{2} \times 1.70 = 24.51$ എം$^3$

**ഫൗണ്ടേഷന്റെ അളവുകൾ**

$10.30 \times 1.10 \times 0.60 = 13.596$ എം$^3$

ഇവിടെ സൂപ്പർ സ്ട്രക്ചറിന്റെ ഉയരം 1.7 മീറ്ററാണ്. 0.4 എച്ച് പ്രകാരം ഫൗണ്ടേഷന് അനുവദിക്കാവുന്ന വീതി 0.68 മീറ്ററാണ്. അതനുസരിച്ച് ഫൗണ്ടേഷന്റെ വീതി താഴെപ്പറയുംപ്രകാരം പുന:ക്രമീകരിക്കുന്നു.

| | |
|---|---|
| 10.30 X 0.68 X 0.60 = | 4.2 എം$^3$ |
| അധികം അനുവദിച്ചത് | 13.596 – 4.2 = 9.39 എം$^3$ |
| എം$^3$ ന് 611 രൂപ നിരക്കിൽ അധികച്ചെലവ് | 5737 രൂപ |

0.68 മീറ്റർ വീതിയുള്ള ഫൗണ്ടേഷനു മുകളിൽ (0.90 + 0.50)/2 എന്ന അളവിലുള്ള സൂപ്പർ സ്ട്രക്ചർ നിർമിക്കാനാവില്ല. ശരാശരി വീതി 0.60 എന്നു കണക്കാക്കിയാൽ അനുവദനീയമായ അളവ് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| 10.30 X 0.60 X 1.70 = | 10.5 എം$^3$ |
| അനുവദിച്ചത് | 24.5 എം$^3$ |
| അധികമായി അനുവദിച്ചത് | 14 എം$^3$ |
| എം$^3$ ന് 611 രൂപ നിരക്കിൽ അധികച്ചെലവ് | 8554 രൂപ |
| ആകെ അധികച്ചെലവ് | 14291 രൂപ |

**3. മാത്തുക്കണ്ടം ചേന്നങ്കരി പാടശേഖരം പുറംബണ്ട് നിർമാണം (എസ്.ജി.ആർ.വൈ)**

| | |
|---|---|
| സാങ്കേതികാനുമതി നമ്പർ | 387/06-07/13.2.07 |
| സാങ്കേതികാനുമതി തുക | 260910 രൂപ |
| കൺവീനർ | ശ്രീ. പി.ജെ.ജോർജ് |
| അളവു പുസ്തകം നമ്പർ | 22/06-07 |
| ആകെ വേലമൂല്യം | 241887 രൂപ |

**സൂപ്പർ സ്ട്രക്ചറിന്റെ അളവുകൾ**

1) $7.50 \times \left(\frac{0.80 + 0.50}{2}\right) + \left(\frac{0.70 + 0.50}{2}\right)\left(\frac{1.60 + 1.40}{2}\right) =$ 7.03

2) $20 \times \left(\frac{0.70 + 0.50}{2}\right) + \left(\frac{0.75 + 0.50}{2}\right)\left(\frac{1.40 + 1.55}{2}\right) =$ 18.07

3) $20 \times \left(\frac{0.75 + 0.50}{2}\right) + \left(\frac{0.75 + 0.50}{2}\right)\left(\frac{1.55 + 1.50}{2}\right) =$ 18.68

4) $20 \times \left(\frac{0.75 + 0.50}{2}\right) + \left(\frac{0.75 + 0.50}{2}\right)1.50 =$ 18.75

5) $26.50 \times \left(\frac{0.75 + 0.50}{2}\right) + \left(\frac{0.80 + 0.50}{2}\right) 1.50 =$ 24.84

6) $8 \times \frac{\left(\frac{0.80 + 0.50}{2}\right) + \left(\frac{0.75 + 0.50}{2}\right)\left(\frac{1.60 + 1.50}{2}\right)}{2} =$ 7.905

7) $20 \times \frac{\left(\frac{0.75 + 0.50}{2}\right) + \left(\frac{0.75 + 0.50}{2}\right)}{2} 1.50 =$ 18.75

8) $65 \times \frac{\left(\frac{0.75 + 0.50}{2}\right) + \left(\frac{0.75 + 0.50}{2}\right)}{2} 1.50 =$ 60.93

ആകെ 174.955 എം$^3$

**ഫൗണ്ടേഷന് അനുവദിച്ച അളവുകൾ**

1) $7.50 \times \left(\frac{1 + 0.90}{2}\right) \times 0.28 =$ 1.995

2) $20 \times \left(\frac{0.90 + 0.95}{2}\right) \times 0.30 =$ 5.55

3) $20 \times \left(\frac{0.95 + 1}{2}\right) \times 0.30 =$ 5.85

4) $20 \times \left(\frac{1 + 0.95}{2}\right) \times 0.30 =$ 5.85

5) $26.50 \times 0.95 \times 0.38 =$ 7.55

6) $8 \times 1 \times 0.28 =$ 2.24

7) $20 \times \left(\frac{1 + 0.90}{2}\right) \times 0.30 =$ 5.70

8) $65 \times 0.95 \times 0.30 =$ 18.52

ആകെ 53.235 എം$^3$

ടി പ്രവൃത്തിയിൽ സൂപ്പർ സ്ട്രക്ചറിന്റെ ഉയരം ഓരോ സ്ട്രെച്ചിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ടെക്നിക്കൽ സർക്കുലർ നിർദേശപ്രകാരം സൂപ്പർ സ്ട്രക്ചറിന്റെ ഉയരത്തിന്റെ 0.4 എച്ച് വീതി അനുവദിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം ഫൗണ്ടേഷന്റെ വീതി പുനഃക്രമീകരിക്കുന്നു.

1) $7.50 \times \left(\frac{0.64 + 0.56}{2}\right) \times 0.28 =$ 1.26

2) $20 \times \left(\frac{0.56 + 0.62}{2}\right) \times 0.30 =$ 3.54

3) $20 \times \left(\frac{0.62 + 0.60}{2}\right) \times 0.30 =$ 3.60

4) $20 \times \left(\frac{0.60 + 0.60}{2}\right) \times 0.30 =$ 3.60

5) $26.50 \times \left(\frac{0.60 + 0.60}{2}\right) \times 0.30 =$ 4.77

6) $8 \times \left(\frac{0.64 + 0.60}{2}\right) \times 0.28 =$ 1.388

7) $20 \times \left(\frac{0.60 + 0.60}{2}\right) \times 0.30 =$ 3.60

8) $65 \times 0.60 \times 0.30 =$ 11.70

ആകെ 33.51 എം$^3$

അതിൻപ്രകാരം ഫൗണ്ടേഷന് അനുവദിക്കാവുന്ന ആകെ അളവ് 33.51 എം$^3$ ആണ്. 53.255 എം$^3$ അനുവദിച്ചതിനാൽ 19.745 എം$^3$ അധികം ചെയ്തതായി കാണുന്നു. എം$^3$ ന് 611 രൂപ നിരക്കിൽ 12064 രൂപ അധികച്ചെലവുണ്ടായി. പുന:ക്രമീകരിച്ച ഫൗണ്ടേഷന്റെ മുകളിൽ നിർമിക്കുന്ന സൂപ്പർ സ്ട്രക്ചറിന്റെ വീതിയും പുന:ക്രമീകരിക്കേണ്ടതുണ്ട്. ഇത് താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1) | $7.50 \times \frac{(0.60+ 0.50)}{2} \times 0.28 =$ | 0.315 |
| 2) | $20 \times \frac{(0.50+ 0.60)}{2} \times 0.30 =$ | 3.30 |
| 3) | $20 \times \frac{(0.60+ 0.56)}{2} \times 0.30 =$ | 3.48 |
| 4) | $20 \times \frac{(0.56+ 0.56)}{2} \times 0.30 =$ | 3.36 |
| 5) | $26.50 \times \frac{(0.56+ 0.56)}{2} \times 0.30 =$ | 4.45 |
| 6) | $8 \times \frac{(0.60+ 0.56)}{2} \times 0.28 =$ | 1.29 |
| 7) | $20 \times \frac{(0.50+ 0.56)}{2} \times 0.30 =$ | 3.36 |
| 8) | $65 \times 0.50 \times 0.30 =$ | 10.92 |
| | ആകെ | 30.475 എം$^3$ |
| | യഥാർത്ഥത്തിൽ അനുവദിച്ചത് | 174.955 എം$^3$ |
| | അനുവദിക്കാവുന്നത് | 30.475 എം$^3$ |
| | അധികം അനുവദിച്ചത് | 144.48 എം$^3$ |
| | എം$^3$ ന് 611 രൂപ നിരക്കിൽ അധികച്ചെലവ് | 88277 രൂപ |
| | ആകെ | 100341 രൂപ |

ടി വിഷയത്തിൽ 23.6.08 ലെ 3(കെ) നമ്പർ ഓഡിറ്റ് എൻക്വയറി മുഖാന്തിരം വിശദീകരണം ആരാഞ്ഞെങ്കിലും ആയതിന് മറുപടി ലഭിച്ചില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.6 വളച്ചകരി കുണ്ടുകുഴിപ്പാടം മോട്ടോർപുര നിർമാണത്തിന് അധികതുക നൽകി**

പ്രോജക്ട് നമ്പർ : എസ്.093/07

അടങ്കൽ : ഒരു ലക്ഷം രൂപ ( പ്ലാൻ : 90000, ഗുണ. വിഹിതം : 10000)

കൺവീനർ : പി.കെ. സുകുമാരൻ, വഞ്ചിപ്പുരയ്ക്കൽ, ചാമക്കാലാ

അളവു പുസ്തകം : 21/06-07

**ചെലവു വിവരം**

| | | |
|---|---|---|
| ബിൽ നമ്പർ : 48/06-07/24.2.07 | 25000 | മുൻകൂർ |
| ബിൽ നമ്പർ : 74/06-07/30.3.07 | 44450 | ഫൈനൽ ബിൽ |
| ആകെ | 69450 | |

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട വളച്ചകരി കുണ്ടുകുഴിപ്പാടം മോട്ടോർപ്പുരയുടെ നിർമാണത്തിന് ആകെ 69450 രൂപ താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | കൺവീനർക്കു നൽകിയത് | 60391 |
| 2 | നികുതികൾക്ക് വകകൊള്ളിച്ചത് | 9059 |
| | (വാറ്റ് @12.5% = 8388,<br>നി.തൊ.ക്ഷേമനിധി വിഹിതം @ 1% = 671 | |
| | ആകെ | 69450 |

മേൽ വേലയുടെ മരാമത്തുരേഖകൾ പ്രകാരം ആകെ വേലമൂല്യം 67101 രൂപയാണ്. ഇതിൽനിന്ന് 10% ഗുണഭോക്തൃവിഹിതമായി കുറച്ച് ബാക്കി 60391 രൂപയാണ് കൺവീ

നർക്ക് നൽകിയത്. ജലസേചന പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ 10% ഗുണഭോക്തൃവിഹിതമായി വകകൊള്ളിച്ച് ബാക്കി തുക വേണം കണവീനർക്ക്/ കരാറുകാരന് നൽകേണ്ടത് എന്ന് പത്താം പദ്ധതിയുടെ മാർഗനിർദേശങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം ജലസേചന പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ പ്രസ്തുത പ്രോജക്ടിന്റെ ആകെ ചെലവ് അടിസ്ഥാനമാക്കി വേണം ഗുണഭോക്തൃവിഹിതം നിശ്ചയിക്കേണ്ടതെന്ന് ജി.ഒ.എം.എസ്. 61/03/പ്ലാനിങ്/ തീയതി 29.7.03 നമ്പർ ഉത്തരവിലൂടെ സ്പഷ്ടീകരിച്ചിട്ടുള്ളതാണ്. ടി പദ്ധതിയുടെ ആകെ പ്രോജക്ട് ചെലവ് താഴെപ്പറയും പ്രകാരം 76160 രൂപയാണ്.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 67101 |
| നികുതികൾ അടയ്ക്കേണ്ടത് | |
| വാറ്റ് @ 12.5% : 8388<br>നി.തൊ.ക്ഷേമനിധി വിഹിതം @1%= 671 | 9059 |
| ആകെ | 76160 രൂപ |

ആകെ വേലമൂല്യത്തിൽ നിന്ന് പ്രോജക്ട് കോസ്റ്റിന്റെ 10% എന്ന നിലയിൽ 7616 രൂപ കുറച്ച് ബാക്കി 59485 രൂപ മാത്രം കൺവീനർക്ക് നൽകേണ്ടപ്പോൾ (67101 – 7616) ആകെ വേലമൂല്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ 10% ഗുണ. വിഹിതം കുറച്ചതുവഴി 906 രൂപ കൺവീനർക്ക് അധികം നൽകിയിരിക്കുന്നു. (59485 – 60391)

മേൽ പദ്ധതിയുടെ അളവു പുസ്തകം പ്രകാരം ടി പ്രവൃത്തിയുടെ ഭാഗമായി 1:6 അനുപാതത്തിൽ 6.51 മീ$^3$ ചെങ്കല്ല് പണി നടന്നിട്ടുണ്ട് (അളവുപുസ്തകം പേജ് 7 & 16 ) ഇതിന് മീ$^3$ ന് 1249 രൂപ പ്രകാരം ആകെ 8130.99 രൂപ വേലമൂല്യം കണ്ടാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഈ പ്രവൃത്തിക്ക് കടുത്തുരുത്തി ബ്ലോക്കുതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗീകരിച്ച നിരക്ക് മീ$^3$ ന് 1242 രൂപയാണ്. ഇതനുസരിച്ച് ആകെ വേലമൂല്യം 8085.42 രൂപ മാത്രം കണക്കിലെടുക്കേണ്ടതിനു പകരം 46 രൂപ അധികം നൽകിയിരിക്കുന്നു. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

അതിനാൽ ക്രമാനുസൃതമല്ലാതെ അധികം നൽകിയ 952 രൂപ (906 + 46) ഉത്തരവാദിയായവരിൽ നിന്നോ സെക്രട്ടറി, എൻജിനിയർ എന്നിവരിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

**3.7 പട്ടികജാതി കോളനികളിൽ കളർ ടി.വി / ഡിഷ് ആന്റിന വാങ്ങി നൽകൽ പദ്ധതി – മുഴുവൻ ടെലിവിഷനും വിതരണം ചെയ്തില്ല**

പ്രോജക്ട് നമ്പർ : 76/06-07

അടങ്കൽ : 75000 രൂപ (പ്ലാൻ)

ചെലവു തുക : 51075 രൂപ

ബിൽ നമ്പർ : 58/06-07 തീയതി : 20.3.07 (ബിൽ തുക : 104635)

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട നാലുസെന്റ്, പരവക്കാട്, എരുമാത്തുരുത്ത് എന്നീ മൂന്നു പട്ടികജാതി കോളനികൾക്ക് കളർ ടി.വിയും ഡിഷ് ആന്റിനയും വാങ്ങി നൽകാൻ ഉദ്ദേശിക്കുന്ന ടി പ്രോജക്ടിൽ കളർ ടെലിവിഷൻ സെറ്റുകളുടെയും ഡി.ടി.എച്ച് ആന്റിനയുടെ സപ്ലൈ ആരാഞ്ഞുകൊണ്ട് പത്രങ്ങളിൽ ക്വട്ടേഷൻ ക്ഷണിക്കുകയും ഉള്ളാട്ടിൽ എന്റർപ്രൈസസ്, കടുത്തുരുത്തി, നവഭാരത് ഏജൻസീസ് കോട്ടയം എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ടുചെയ്ത ഉള്ളാട്ടിൽ ഏജൻസിയുടെ ക്വട്ടേഷൻ സ്വീകരിക്കുകയും ടി സ്ഥാപനത്തിന് താഴെപ്പറയും പ്രകാരം സാധനവിലയായി 51075 രൂപ മേൽ നമ്പർ ബിൽ മുഖേന മാറി നൽകുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ടെലിവിഷൻ സെറ്റുകൾ | എൽ.ജി. 21 ഇഞ്ച് കളർ ടി.വി മൂന്നെണ്ണം ഒന്നിന് 12250 രൂപ പ്രകാരം | 36750 രൂപ |
| ഡിഷ് ആന്റിന | ഡി.ടി.എച്ച് ആന്റിന, സെറ്റ് ടോപ്പ് ബോക്സ്, ഡിഷ് സഹിതം മൂന്നെണ്ണം ഒന്നിന് 4775 രൂപ പ്രകാരം | 14325 രൂപ |
| ആകെ | | 57075 രൂപ |

മേൽപ്പടി ടെലിവിഷൻ സെറ്റുകൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതായി കാണുന്നില്ല. ടി പദ്ധതി നിർവഹണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്ന് മൂന്നു ടി.വികളിൽ ഒരെണ്ണം മാത്രമാണ് വിതരണം ചെയ്തതെന്ന് മനസ്സിലാകുന്നു. പഞ്ചായത്ത് അംഗം ശ്രീ. ജോസ് പുത്തൻകാലായുടെ ശുപാർശയെ തുടർന്ന് ആയാംകുടി നാലുസെന്റ് കോളനിയുടെ വികസനസമിതിക്കുവേണ്ടി പ്രസിഡന്റ് ശ്രീ. അനുരാജ്, കോലംപറമ്പിൽ, ആയാംകുടി എന്നയാൾക്കു മാത്രമാണ് ടെലിവിഷൻ നൽകിയിട്ടുളളത്. ടി കോളനിക്ക് ടെലിവിഷൻ സ്ഥാപിക്കാൻ സാംസ്കാരികനിലയം/ ലൈബ്രറി പോലുളള പൊതുസ്ഥലം ഉളളതായി വ്യക്തമായിട്ടില്ല. ഉണ്ടെങ്കിൽ ആ സ്ഥാപനങ്ങൾക്ക് ടെലിവിഷൻ സെറ്റ് കൈമാറുകയാണ് വേണ്ടിയിരുന്നത്. എന്നാൽ ഇവിടെ ഒരു വ്യക്തിക്ക് ടെലിവിഷൻ നൽകിയിരിക്കുകയാണ്.

മൂന്നു ടെലിവിഷൻ സെറ്റുകൾ വാങ്ങിയതിൽ രണ്ടെണ്ണം വിതരണം ചെയ്തിട്ടില്ലെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മുറിയിൽ ഉൾപ്പെടെ എൽ.ജി. ടെലിവിഷൻ വെറുതെയിരിക്കുന്നതായി പ്രത്യക്ഷത്തിൽ കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ വിതരണം ചെയ്യാത്ത ടെലിവിഷൻ സെറ്റുകൾക്കും ഡിഷ് ആന്റിനകൾക്കും വേണ്ടി ചെലവിട്ട പദ്ധതിപ്പണം പാഴ്ച്ചെലവായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. മേൽ ചെലവ് സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധൂകരണം നേടുകയോ വിതരണം ചെയ്യാത്ത ടെലിവിഷൻ സെറ്റുകൾക്ക് നൽകിയ പണം പദ്ധതി നിർവഹണം നടത്തിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതിനുളള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ ടി പദ്ധതിയിൽ ചെലവിട്ട 51075 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.8 ക്ലബുകൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി– അടങ്കൽ മറികടന്ന് തുക ചെലവിട്ടു.**

പ്രോജക്ട് നമ്പർ : എസ് 029/07

അടങ്കൽ : 37000 രൂപ (പ്ലാൻ)

ബിൽ നമ്പർ : 65/06–07/28.3.07

തുക : 500000 രൂപ

മേൽ പ്രോജക്ടിനു കീഴിൽ നാല് സ്റ്റീൽ അലമാര (ഒന്നിന് 7100 രൂപ പ്രകാരം) രണ്ട് ഡെസ്ക് (ഒന്നിന് 2750 രൂപ പ്രകാരം) 48 പ്ലാസ്റ്റിക്ക് കസേരകൾ (നീൽകമൽ ഫുൾ ആംചെയർ ഒന്നിന്ന് 336 രൂപ പ്രകാരം) എന്നിവയുടെ വിലയായി ആകെ 50000 രൂപ ക്വട്ടേഷൻ ക്ഷണിച്ച് അംഗീകരിച്ചതു പ്രകാരം നവഭാരത് ഏജൻസീസ് കോട്ടയം എന്ന സ്ഥാപനത്തിന് (ബിൽ നമ്പർ 407/24.3.07) പ്രകാരം മേൽ നമ്പർ ബിൽ മുഖേന മാറി നൽകി. (ബിൽ തുക : 70000 രൂപ)

പദ്ധതി നിർവഹണത്തിലെ അപാകതകൾ താഴെ സംഗ്രഹിക്കുന്നു.

1. വെളളൂർ പഞ്ചായത്തിലെ വെളളൂർ പ്രണവം ക്ലബ്, തോന്നല്ലൂർ ന്യൂപോയിന്റ് ക്ലബ്, വരിക്കാംകുന്ന് വായനശാല , മുളക്കുളം പഞ്ചായത്തിലെ പൂഴിക്കോൽ മഹാത്മാ ലൈബ്രറി , മാഞ്ഞൂർ പഞ്ചായത്തിലെ കാഞ്ഞിരത്താനം നാഷണൽ ലൈബ്രറി എന്നീ അഞ്ചു സ്ഥാപനങ്ങൾക്ക് അഞ്ച് അലമാരകളും 12 ഡെസ്കും വാങ്ങി നൽകുന്നതിനായി 37000 രൂപയുടെ അടങ്കലിൽ രൂപീകരിച്ചതാണ് ഈ പദ്ധതി. എന്നാൽ വാങ്ങിയത് നാല് അലമാരകളും രണ്ട് ഡെസ്കുകളും യഥാർത്ഥ പദ്ധതി രേഖ പ്രകാരം ഉദ്ദേശിക്കാതിരുന്ന 48 കസേരകളുമാണ്. ഇവയ്ക്കായി 50000 രൂപ ചെലവിട്ടു. അതായത് പദ്ധതിരേഖ വിഭാവനം ചെയ്ത അടങ്കലിനെ മറികടന്ന് 13000 രൂപ അധികം ചെലവിട്ടു. ആയതു സംബന്ധിച്ച് പദ്ധതി രേഖ പുതുക്കി അടങ്കൽ തുക പുതുക്കിയതിന്മേൽ ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതിയോ സാധൂകരണമോ വാങ്ങിയിട്ടില്ല. ഇത് ക്രമാനുസൃതമായ നടപടിയല്ല.
2. മേൽപ്പടി ഫർണിച്ചറുകൾ ക്വട്ടേഷൻ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങിയതെന്നാണ് വ്യക്തമായിട്ടുളളത്. ആയതു സംബന്ധിച്ച് ഉളളാട്ടിൽ എന്റർപ്രൈസസ് കടുത്തുരുത്തി, നവഭാരത് ഏജൻസീസ് കോട്ടയം എന്നീ സ്ഥാപ

നങ്ങളുടെ ക്വട്ടേഷൻ ഫയലിൽ കാണുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് പത്ര ദ്വാരാ ക്വട്ടേഷൻ ക്ഷണിച്ചതു സംബന്ധിച്ച (10.2.07 ലെ ദേശാഭിമാനി) ക്വട്ടേഷൻ നോട്ടീസിൽ (5.2.07 ലെ ഡി1/1233/06 നമ്പർ ക്വട്ടേഷൻ നോട്ടീസ്) ഉൾപ്പെട്ടിരുന്നത് ഡെസ്കുകളുടെ സപ്ലൈ വിവരം മാത്രമാണ്. ക്വട്ടേഷൻ നോട്ടീസിൽ പറയാത്ത ഇനങ്ങൾക്കുകൂടി പദ്ധതിയിൽ പർച്ചേസിങ് ഓർഡർ നൽകിയെന്നാണ് മനസ്സിലാകുന്നത്.

3. പ്രസ്തുത ഫർണിച്ചറുകൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയിട്ടില്ല. ഫയലിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം മേൽ ഫർണിച്ചറിൽ വിതരണം ചെയ്തവ താഴെപ്പറയും പ്രകാരം മാത്രമാണ്.

| | | |
|---|---|---|
| അലമാര | രണ്ടെണ്ണം | പൂഴിക്കോൽ മഹാത്മാ ലൈബ്രറി , വെള്ളൂർ പ്രണവം ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് |
| ഡെസ്ക് | രണ്ടെണ്ണം | മരങ്ങോലി പബ്ലിക് ലൈബ്രറി |
| കസേരകൾ | 40 എണ്ണം | കുറുപ്പുന്തറ പബ്ലിക് ലൈബ്രറി : 7 |
| | | കല്ലറ ദേശസേവിനി വായനശാല : 5 |
| | | മരങ്ങോലി പബ്ലിക് ലൈബ്രറി : 14 |
| | | തലയോലപ്പറമ്പ് എ.ജെ.ജോൺ മെമ്മോറിയൽ വായനശാല : 7 |
| | | വടയാർ വിദ്യാവർധിനി വായനശാല : 7 |
| | | ആകെ : 40 |

ടി പദ്ധതിയിൽ വാങ്ങിയ രണ്ട് അലമാരകളും എട്ടു കസേരകളും യഥാർത്ഥത്തിൽ വിതരണം ചെയ്തിട്ടില്ലെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. അതിനാൽ വിതരണം ചെയ്യാത്ത ഡെസ്കുകൾക്കും കസേരകൾക്കുമായി ചെലവിട്ട 16888 രൂപ (14200 + 2688) പാഴ്ച്ചെലവായി ഓഡിറ്റിൽ വിലയിരുത്തുന്നു. വാങ്ങിയ ഫർണിച്ചറുകൾ പദ്ധതിയിൽ വിവക്ഷിക്കാത്ത സ്ഥാപനങ്ങൾക്കു കൂടി നൽകിയതായും കാണുന്നു.

പദ്ധതി നിർവഹണം സംബന്ധിച്ച മാർഗരേഖകളിൽ ക്ലബുകൾക്കും മറ്റും ഫർണിച്ചർ വാങ്ങി നൽകുന്നതിന് അനുമതി നൽകുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി രൂപീകരിച്ച് നടപ്പാക്കിയതും ആയതിന് ബിൽ, ടി.ഇ.സി, ഡി.പി.സി എന്നീ വിദഗ്ധസമിതികൾ അംഗീകാരം നൽകിയതും ക്രമാനുസൃതമല്ല.മേൽ അപാകതകൾ മുൻനിർത്തി ടി പദ്ധതിക്ക് കീഴിൽ ചെലവിട്ട 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.9 ലൈബ്രറികൾക്ക് ഫർണിച്ചർ നൽകൽ : അലമാരകൾ പൂർണമായും വിതരണം ചെയ്തിട്ടില്ല**

പ്രോജക്ട് നമ്പർ : എസ് 095/07

അടങ്കൽ : 70000 രൂപ (പ്ലാൻ)

ചെലവു തുക : 35500 രൂപ

ബിൽ നമ്പർ : 58/06-07/20.3.07

ബിൽ തുക : 104635 രൂപ

കീഴൂർ എ.ജെ.ജോൺ മെമ്മോറിയൽ ലൈബ്രറി, മരങ്ങോലി പബ്ലിക് ലൈബ്രറി, കുറുപ്പുന്തറ പബ്ലിക് ലൈബ്രറി, കല്ലറ ദേശവിലാസിനി വായനശാല, വടയാർ വിദ്യാവർധിനി വായനശാല എന്നീ ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങുന്നതിനും മുട്ടുചിറ നെഹ്റുജി മെമ്മോറിയൽ വായനശാല, അവർമ ഇ.എം.എസ് മെമ്മോറിയൽ വായനശാല എന്നിവയ്ക്ക് പുസ്തകങ്ങളും വാങ്ങുന്നതിന് 70000 രൂപയുടെ അടങ്കലിൽ രൂപീകരിച്ച ഈ പദ്ധതിയിൽ പുസ്തകവിതരണത്തിന് 20000 രൂപ 65/06-07/28.3.07 നമ്പർ ബിൽ മുഖേന ചെലവിട്ടു. കൂടാതെ മേൽ ബിൽ മുഖേന 35500 രൂപ അഞ്ച് സ്റ്റീൽ അലമാരകളുടെ വിലയായി (ഒന്നിന് 7100 രൂപ വീതം) കോട്ടയം നവഭാരത് ഏജൻസീസിന് (403/16.3.07 നമ്പർ ബിൽ പ്രകാരം) നൽകി. ഈ അഞ്ച് അലമാരകളും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ

ചേർത്ത് വിതരണം നടത്തിയിട്ടില്ല. പദ്ധതി നിർവഹണം സംബന്ധിച്ച രേഖകൾ പ്രകാരം ആകെ വിതരണം ചെയ്ത അലമാരകൾ താഴെപ്പറയും പ്രകാരം നാലെണ്ണം മാത്രമാണ്.

| | ലൈബ്രറി | എണ്ണം | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | കുറുപ്പുന്തറ പബ്ലിക് ലൈബ്രറി | 1 | 12.9.07 |
| 2 | കല്ലറ ദേശസേവിനി വായനശാല | 1 | 2.6.07 |
| 3 | എ.ജെ.ജോൺ മെമ്മോറിയൽ വായനശാല | 1 | 27.9.07 |
| 4 | വിദ്യാവർധിനി ഗ്രാമീണ വായനശാല | 1 | 14.9.07 |

മരങ്ങോലി പബ്ലിക് ലൈബ്രറി നൽകിയ പറ്റുചിട്ടുപ്രകാരം ടി സ്ഥാപനം അലമാര കൈപ്പറ്റിയിട്ടില്ല. ആയതിനാൽ വിതരണം ചെയ്യാത്ത ഒരു അലമാരയുടെ വില 7100 രൂപ പാഴ്ച്ചെലവായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ടി തുക തടസ്സവാദത്തിൽ വയ്ക്കുന്നു. പത്താം പദ്ധതിയുടെ നിർവഹണം സംബന്ധിച്ച മാർഗരേഖയിൽ ക്ലബുകൾക്കും ലൈബ്രറികൾക്കും മറ്റും ഫർണിച്ചർ വാങ്ങി നൽകുന്നതിന് അനുവദിക്കുന്നില്ല. കൂടാതെ പ്രസ്തുത ലൈബ്രറി കൗൺസിലിന്റെ പരിധിയിൽ വരുന്നതാണോ എന്നു വ്യക്തമല്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി രൂപികരിച്ച് നടപ്പിൽ വരുത്തിയതും ടി പദ്ധതികൾക്ക് ഡി.പി.സി ഉൾപ്പെ ടെയുള്ള വിദഗ്ധസമിതികൾ അംഗീകാരം നൽകിയതുമായ നടപടി ക്രമാനുസൃതമല്ല.

**3.10 വനിതാ ഭക്ഷ്യസംസ്കരണ യൂണിറ്റിന് അടിസ്ഥാനസൗകര്യവികസനം : പുതിയ സാങ്കേതികാനുമതി ലഭിച്ചില്ല**

പ്രോജക്ട് നമ്പർ : 25/06-07

അടങ്കൽ : നാലു ലക്ഷം രൂപ (പ്ലാൻ)

ബിൽ നമ്പർ : 91/06-07 തീയതി : 30.3.07

തുക : 444669 രൂപ

എസ്റ്റിമേറ്റ് : നാലു ലക്ഷം രൂപ

കരാറുകാരൻ : ജിബി സൈമൺ, ഉപ്പൂട്ടിൽ, അറുന്നൂറ്റിമംഗലം

അളവു പുസ്തകം : 26/06-07

കടുത്തുരുത്തി ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ വനിതാസ്വയം സഹായഗ്രൂപ്പിനു വേണ്ടി ഭക്ഷ്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഫൗണ്ടേഷൻ, ബേസ്മെന്റ് എന്നിവയ്ക്കായി നാലു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വേല ടെൻഡർ ചെയ്ത പ്പോൾ എസ്റ്റിമേറ്റിനേക്കാൾ 15% അധിക നിരക്കിലാണ് വേല കരാർ ചെയ്യപ്പെട്ടത്. മരാ മത്തു രേഖകൾ പ്രകാരം ആകെ വേലമൂല്യം (15% ടെൻഡർ അധിക നിരക്ക് ഉൾപ്പെടെ) 444669 രൂപയാണ്. ഇതിൽ നിന്ന് വാറ്റ് 13340 രൂപ, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം 4447 രൂപ, വരുമാനനികുതി 9961 രൂപ എന്നിങ്ങനെ കുറവുചെയ്ത് ബാക്കി 416921 രൂപ കോൺട്രാക്ടർക്ക് മേൽ നമ്പർ ബിൽ മുഖേന മാറി നൽകി. പദ്ധതി നിർവഹണ ത്തിലെ പ്രധാന അപാകതകൾ താഴെ പ്രതിപാദിക്കുന്നു.

**പദ്ധതിച്ചെലവ് സാങ്കേതികാനുമതി തുകയേക്കാൾ കൂടുതൽ**

ടി പദ്ധതിക്ക് വെള്ളൂർ ഗ്രാമപഞ്ചായത്ത് അസി.എൻജിനിയർ ശ്രീമതി ബിന്ദു ദിവാ കരൻ, അസി. എക്സി.എൻജിനിയർ ശ്രീമതി രേഖ ആർ, ചെയർമാൻ ജോൺ തുരുത്തിപ്പ ള്ളി എന്നിവരടങ്ങിയ സാങ്കേതികസമിതി നാലുലക്ഷം രൂപയ്ക്കുള്ള സാങ്കേതികാനുമതി യാണ് നൽകിയത്. (സാങ്കേതികാനുമതി നമ്പർ : 454/പി.ഡബ്ല്യു/കടുത്തുരുത്തി ബ്ലോക്ക്/07) എന്നാൽ സാങ്കേതികാനുമതി ലഭിച്ച തുകയേക്കാൾ 44669 രൂപ കൂടുതലാണ് യഥാർത്ഥ പദ്ധതിച്ചെലവ്. ഇതനുസരിച്ച് പുതുക്കിയ സാങ്കേതികാനുമതി പദ്ധതി അടങ്കൽ ഭേദഗതി ചെയ്ത് വാങ്ങുകയോ പദ്ധതിച്ചെലവ് സാങ്കേതികാനുമതി തുകയിൽ പരിമിതപ്പെ ടുത്തുകയോ വേണ്ടിയിരുന്നു. എന്നാൽ ഇതുരണ്ടും പാലിക്കപ്പെട്ടിട്ടില്ല. പുതുക്കിയ സാങ്കേ തികാനുമതി ലഭിക്കാത്തപക്ഷം അധികത്തുക സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാ ണ്.

**പദ്ധതി പൂർത്തിയായിട്ടില്ല**

മേൽ പദ്ധതിപ്രകാരം ഫൗണ്ടേഷനും ബേസ്മെന്റും പണികളും മാത്രമാണ് നിർവ ഹിക്കപ്പെട്ടിട്ടുള്ളത്. തുടർവർഷങ്ങളിൽ ബാക്കി പണികൾക്കായി തുക വകകൊള്ളിച്ചിട്ടു

ണ്ട്. ഓഡിറ്റു സമയം വരെ ടി പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിട്ടില്ല എന്നാണ് കാണുന്നത്.

മേൽ അപാകതകൾ മുൻനിർത്തി ടി പദ്ധതിക്കായി ചെലവഴിച്ച 444669 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.11 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പദ്ധതി – പൂർത്തീകരണവിവരം ലഭ്യമല്ല**

താഴെപ്പറയുന്ന പ്രോജക്ടുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട് ഇലക്ട്രിസിറ്റി ബോർഡിൽ കെട്ടിവച്ചിട്ടുള്ളതായി കാണുന്നു.

| പ്രോജക്ട് നമ്പർ | | അടങ്കൽ | പദ്ധതിയുടെ വിവരം | നിക്ഷേപിച്ച തുക | ബിൽ നമ്പർ | ബന്ധപ്പെട്ട കെ.എസ്.ഇ.ബി ഓഫീസ് |
|---|---|---|---|---|---|---|
| 1 | എസ് 094/07 | 72000 (പ്ലാൻ) | ആനിത്താനം ലൈൻ എക്സ്റ്റെൻഷൻ (മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്) | 71650 | 64/06-07 /20.3.07 | കുറുപ്പുന്തറ |
| 2 | എസ് 070/07 | 50000 (പ്ലാൻ) | വെള്ളൂർ -പാഴൂക്കാലാ പ്രദേശത്ത് ലൈൻ വലിക്കൽ (വെള്ളൂർ ഗ്രാമപഞ്ചായത്ത്) | 49956 | 54/06-07/12.3.07 | തലയോറപ്പറമ്പ് |
| 3 | എസ് 046/07 | 50000 (പ്ലാൻ) | മയിലാടുംപാറ- പേട്ടമുക്ക് ലൈൻ ദീർഘിപ്പിക്കൽ (കടുത്തുരുത്തി പഞ്ചായത്ത്) | 49770 | 53/06-07/12.3.07 (ബിൽ തുക : 65650 രൂപ) | കടുത്തുരുത്തി |
| 4 | എസ് 042/07 | 15880 (പ്ലാൻ) | വള്ളിക്കാഞ്ഞിരം ഒ.എൽ.എച്ച് കോളനി ലൈൻ ദീർഘിപ്പിക്കൽ | 15880 | ’’ | കുറുപ്പുന്തറ |
| 5 | എസ് 045/07 | 53000 (പ്ലാൻ) | കാരിക്കോട് ഇലക്ട്രിഫിക്കേഷൻ (മുളക്കുളം ഗ്രാമപഞ്ചായത്ത്) | 52640 | 25/06-07/22.1.07 | തലയോലപ്പറമ്പ് |

മേൽപദ്ധതികളിൽ ക്രമനമ്പർ 1, 4 എന്നീ പദ്ധതികളിൽ നിക്ഷേപിച്ച തുക കെ.എസ്.ഇ.ബി പദ്ധതി നിർവഹിക്കാതെ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ നൽകിയിട്ടുണ്ട്. ഇത് സിൻഡിക്കേറ്റ് ബാങ്കിൽ 12.6.07 ന് തിരികെ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 06-07 ലെ കാറ്റഗറി എ ഫണ്ടിൽപ്പെടുന്ന പ്രസ്തുത തുക പദ്ധതി നടപ്പാക്കാത്തതിനെ തുടർന്ന് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത തുക ഇതുവരെ തിരിച്ചടച്ചിട്ടില്ല. മറിച്ച് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രമരഹിതമായി അത് ഇപ്പോഴും നിക്ഷേപമായി നിലനിൽക്കുന്നു. ഈ തുക സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

മേൽ പദ്ധതികളിൽ 1, 4 എന്നിവ ഒഴികെയുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കപ്പെട്ടതിന്റെ വിവരവും ലഭ്യമായിട്ടില്ല. (പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡുമായി ഉടമ്പടി വച്ചിട്ടുണ്ടെങ്കിലും അത് അപൂർണമാണ്. ടി ഉടമ്പടിയിൽ പ്രവൃത്തി നിർവഹണം പൂർത്തിയാക്കുന്ന കാലയളവ് സൂചിപ്പിച്ചിട്ടില്ല.) മേൽ സാഹചര്യത്തിൽ ടി പദ്ധതിയിൽ നിക്ഷേപിച്ച (ക്രമനമ്പർ 1, 4 ഒഴികെ) 152366 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.12 ബ്ലോക്ക് വിഹിതം : ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക രസീത് ലഭ്യമായിട്ടില്ല**

വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പദ്ധതികൾക്കായുള്ള ബ്ലോക്ക് വിഹിതമായി നൽകിയ പദ്ധതി വിഹിതത്തിന് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്ന് ഔദ്യോഗിക രസീത് ലഭ്യമായിട്ടില്ല.

| ബിൽ നമ്പർ | തുക | ചെലവിനം | പ്രോജക്ട് നമ്പർ |
|---|---|---|---|
| 26/06-07/22.1.07 | 140000 | സമ്പൂർണശുചിത്വം പദ്ധതിയുടെ ഭാഗമായി സാനിട്ടറി കക്കൂസുകൾക്കുള്ള ബ്ലോക്ക് വിഹിതം ഏഴു പഞ്ചായത്തുകൾക്ക് (കല്ലറ, മാഞ്ഞൂർ, കടുത്തുരുത്തി, ഞീഴൂർ, വെള്ളൂർ, തലയോലപ്പറമ്പ്) 20000 രൂപ വീതം നൽകിയത്. | എസ്. 055/07 |
| 27/06-07/22.1.07 | 825000 | തലയോലപ്പറമ്പ് പഞ്ചായത്തിന്റെ ഇല്ലിത്തൊണ്ട് റോഡ് റീടാറിങ്ങിനുള്ള ബ്ലോക്ക് വിഹിതം, മുളക്കുളം പഞ്ചായത്തിന്റെ വൃദ്ധസദനത്തിനുള്ള ബ്ലോക്കുവിഹിതം, കടുത്തുരുത്തി പഞ്ചായത്തിന്റെ ഖരമാലിന്യ സംസ്കരണ പദ്ധതി ബ്ലോക്ക് വിഹിതം (75000 + 500000 + 250000) | എസ് 051/07<br>എസ്. 041/07<br>എസ് 038/07 |
| 28/06-07/22.1.07 | 300000 | തലയോലപ്പറമ്പ് പഞ്ചായത്തിലെ കോരിക്കൽ പഴംബട്ടി റോഡ് റീടാറിങ്, കടുത്തുരുത്തി പഞ്ചായത്തിന്റെ മധുരവേലി കോളനി സാംസ്കാരികനിലയ നിർമാണം, മാഞ്ഞൂർ പഞ്ചായത്തിന്റെ പറക്കാട്ടുകുഴി കുടിവെള്ള പദ്ധതി എന്നിവയ്ക്കുള്ള ബ്ലോക്ക് വിഹിതം ഒരു ലക്ഷം രൂപ വീതം | എസ്. 065/07<br>എസ്. 081/07<br>എസ്. 067/07 |
| 14/06-07/16.12.07 | 1500000 | അനുപൂരക പോഷകാഹാരപദ്ധതികൾക്കുള്ള ബ്ലോക്കുവിഹിതം<br>കല്ലറ : 133760 രൂപ , തലയോലപ്പറമ്പ് : 200637 രൂപ, വെള്ളൂർ : 200637രൂപ , ഞീഴൂർ : 171975 രൂപ , കടുത്തുരുത്തി : 296177 രൂപ, മുളക്കുളം : 229299 രൂപ, മാഞ്ഞൂർ : 267515 രൂപ | |
| ആകെ | 2765000 | | |

മേൽപ്പറഞ്ഞ തുകയിൽ സമ്പൂർണ ശുചിത്വപദ്ധതിക്കു കീഴിൽ കല്ലറ ഗ്രാമപഞ്ചായത്തിന് നൽകിയ 20000 രൂപയ്ക്കും (രസീത് നമ്പർ : 44235/40/6.3.07) ഞീഴൂർ ഗ്രാമപഞ്ചായത്തിന് നൽകിയ 20000 രൂപയ്ക്കും (രസീത് നമ്പർ : 45687/53/5.3.07) മാത്രമാണ് രസീതുള്ളത്. മറ്റ് പഞ്ചായത്തുകൾ ഔദ്യോഗിക രസീതുകൾ നൽകിയിട്ടില്ല. മറിച്ച് വെള്ളപേപ്പറിലും ലെറ്റർ പാഡുകളിലും തുക കൈപ്പറ്റിയ വിവരം ചേർത്തിരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുകയ്ക്ക് ഔദ്യോഗിക രസീത് നൽകാത്തതുമൂലം ടി തുക പ്രസ്തുത പഞ്ചായത്തിന്റെ അക്കൗണ്ടിൽ യഥാവിധി വരവുവയ്ക്കപ്പെട്ടിട്ടുണ്ടോ എന്നത് സംശയരഹിതമായി നിർണയിക്കുന്നതിന് സാധിച്ചിട്ടില്ല.

**3.13 അക്ഷയപദ്ധതിക്ക് ഫണ്ട് മാറ്റി നൽകി- പദ്ധതി പ്രാവർത്തികമായിട്ടില്ല.**

പ്രോജക്ട് നമ്പർ : എസ് 056/07 അക്ഷയ (ജനറൽ)

അടങ്കൽ : 349620 രൂപ (പ്ലാൻ)

പ്രോജക്ട് നമ്പർ : എസ് 088/07 അക്ഷയ (എസ്.സി.പി)

അടങ്കൽ : 48700 രൂപ (പ്ലാൻ)

അക്ഷയ കംപ്യൂട്ടർ സാക്ഷരതാപദ്ധതിയുടെ ബ്ലോക്ക് വിഹിതമായി 34962 കുടുംബങ്ങൾക്ക് (ജനറൽ : 30092, പട്ടികജാതി : 4870) പത്തു രൂപ പ്രകാരം ആകെ 349620 രൂപയും പട്ടികജാതിക്കാരുടെ ഗുണഭോക്തൃവിഹിതം പത്തു രൂപ വീതം 48700 രൂപയും താഴെപ്പറയുന്ന ബില്ലുകൾ മുഖേന മാറി ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ പ്രത്യേക അക്കൗണ്ടിലേക്ക് അടവു വരുത്തിയിരിക്കുന്നു.

| ബിൽ നമ്പർ | തുക | ഡിഡി. നമ്പർ |
|---|---|---|
| 36/06-07/31.1.07 | 349620 | 598464/21.2.07 |

| | | |
|---|---|---|
| 37/06-07/31.1.07 | 48700 | 598470/21.2.07 |
| ആകെ | 398320 | |

എന്നാൽ ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും ഗുണഭോക്താക്കളും (ജനറൽ) തങ്ങളുടേതായ വിഹിതം പദ്ധതി നിർവഹണത്തിൽ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമായി ട്ടില്ല. അക്ഷയകേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് പദ്ധതി പ്രവൃത്തി സജ്ജമായതായും ഓഡിറ്റു സമയം വരെ പദ്ധതി നിർവഹണം ആരംഭിച്ചതായും കാണുന്നില്ല. ബ്ലോക്കുവിഹിതം പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി നൽകിയെങ്കിലും ആയതിന് നിയമാനുസൃതമായി രസീത് ലഭ്യമായിട്ടില്ല. (ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 8.5.07 ൽ ഡി. 296/07 നമ്പർ കത്തിലൂടെ രസീത് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമായതായി കാണുന്നില്ല.) മേൽ സാഹചര്യ ത്തിൽ ടി പദ്ധതിയിൽ ചെലവിട്ട 398320 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**നബാർഡ് പദ്ധതികൾ**

**3.14 നബാർഡ് ആർ.ഐ.ഡി.എഫ്-9 : പള്ളിക്കുന്ന് പാഴ്നിലം- കുമ്മട്ട റോഡ് നിർമാണത്തിൽ അപാകതകൾ**

മുളക്കുളം ഗ്രാമപഞ്ചായത്തിലെ പള്ളിക്കുന്ന് പാഴ്നിലം- കുമ്മട്ട റോഡ് 1890 മീറ്റർ മെറ്റലിങ് ടാറിങ്, സംരക്ഷണ ഭിത്തി എന്നിവ നിർമിച്ച് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് 3770000 രൂപയുടെ അടങ്കലാണ് ഉള്ളത്. ഇതിൽ 3016000 രൂപ നബാർഡ് വിഹി തവും 754000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമാണ്. ടി പദ്ധതിക്ക് താഴെപ്പറയും പ്രകാരം 3770000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്.

| | | |
|---|---|---|
| അനുബന്ധം എ | റോഡ് ഫോർമേഷൻ | 982886 |
| അനുബന്ധം ബി | സംരക്ഷണഭിത്തി നിർമാണം | 893324 |
| അനുബന്ധം സി | കലുങ്ക് നിർമാണം | 198645 |
| അനുബന്ധം ഡി | സർഫേസിങ് | 1655807 |
| | പലവക | 39338 |
| | ആകെ | 3770000 |

ടി വർക്ക് ടെൻഡർ ചെയ്തപ്പോൾ എസ്റ്റിമേറ്റിനേക്കാൾ 0.01 % കുറവ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. തോമസ് മാത്യു, പുളിക്കൽ വീട്, പിറവം എന്നയാൾക്ക് കരാർ നൽകുകയും 05-06 വർഷം ഒന്നാമത്തെ പാർട്ട്ബിൽ സമർപ്പിക്കുകയും ചെയ്തു. ഓഡിറ്റുവർഷം രണ്ടാ മത്തെ പാർട്ട്ബിൽ സമർപ്പിക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. (ഓഡിറ്റ് വർഷം രണ്ടാമത്തെ മെറ്റലിങ് വരെയുള്ള പ്രവൃത്തികൾ നിർവഹിക്കപ്പെട്ടിട്ടുണ്ട്.. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ താഴെപ്പറയുന്നു.

1. **ഒന്നാമത്തെ പാർട്ട് ബിൽ- കരാറുകാരന് അധികം തുക നൽകി**

   ഒന്നാമത്തെ പാർട്ട്ബിൽ പ്രകാരം ആകെ വേലമൂല്യം 943712 രൂപയാണ്. (0.01% ടെൻഡർ ഡിഡക്ഷൻ കിഴിച്ച്) (അളവുപുസ്തകം 52/05-06 പേജ് 6) ഇതിൽ നിന്ന് 10 % റീടെൻഷൻ (94371 രൂപ) 2.24 % വരുമാനനികുതി (19025 രൂപ) 1% നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം (8493 രൂപ) എന്നിവ കുറച്ച് ബാക്കി 821823 രൂപ കരാറുകാരന് നൽകിയിരിക്കുന്നു. (ചെക്ക് നമ്പർ 976207/31.3.06) വില്പന നികുതി ഈടാക്കിയിരുന്നില്ല. എന്നാൽ ഇത് ക്രമാനുസൃതമല്ല. യഥാർത്ഥത്തിൽ ടിയാന് നൽകേണ്ട തുക താഴെപ്പറയും പ്രകാരം 818765 രൂപയാണ്.

| | |
|---|---|
| വേലമൂല്യം | 943712 |
| (-) 10 % റീടെൻഷൻ | 94371 |
| 2.24 % വരുമാന നികുതി | 21139 |
| 1% നി.തൊ.ക്ഷേമനിധി വിഹിതം | 9437 |

ബാക്കി കരാറുകാരന് നൽകേണ്ടത് 818765 രൂപയാണ്. അതായത് 3058 രൂ കരാറു കാരന് അധികം നൽകി. (821823-818765)

**2. രണ്ടാമത്തെ പാർട്ട്ബിൽ- മൂല്യവർധിത നികുതി പിടിച്ചത് കുറവ്**

രണ്ടാമത്തെ പാർട്ട്ബിൽ പ്രകാരം ആകെ വേലമൂല്യം 1678176 രൂപയാണ്. (അളവു പുസ്തകം 52/05-06 പേജ് 52) (0.01% ടെൻഡർ ഡിഡക്ഷൻ കഴിഞ്ഞ്) ഇതിൽ നിന്ന് താഴെപ്പറയും പ്രകാരം നികുതികളും റീടെൻഷനും പിടിച്ചു.

| | | |
|---|---|---|
| 1 | വാറ്റ് 4% 734370 രൂപയ്ക്കുളളത് (രണ്ടാമത്തെ പാർട്ട്ബിൽ പ്രകാരമുളള വേലമൂല്യത്തിനു മാത്രം ) (1678176 - 943712) | 22375 |
| 2 | വരുമാന നികുതി (1678176 രൂപയുടെ 2.24% ൽ നിന്ന് ഒന്നാമത്തെ പാർട്ട്ബിൽ പ്രകാരമുളള നികുതി കുറച്ചത്) | 18566 |
| 3 | നിർമാണത്തൊഴിലാളി ക്ഷേമനിധി വിഹിതം (1678176 രൂപയുടെ ഒരു ശതമാനത്തിൽ നിന്ന് ഒന്നാം പാർട്ട്ബിൽ മുഖേനയുളള തുക കുറച്ചത്) | 8289 |
| 4 | 10% റീടെൻഷൻ | 167818 |
| 5 | ഒന്നാം പാർട്ട്ബിൽ പ്രകാരം കോൺട്രാക്ടർക്ക് കൊടുത്തതും നികുതിയിനത്തിൽ കുറച്ചതുമായ തുക | 849341 (ടി തുകയിൽ വാറ്റ് ഇനത്തിലുളള തുക ഉൾപ്പെടുന്നില്ല) |
| | (ബാക്കി 604787 രൂപ കരാറുകാരന് ബിൽ നമ്പർ 30/06-07/22.1.07 മുഖേന നൽകി. ബിൽ തുക 661017 രൂപ) | |

ഒന്നാമത്തെ പാർട്ട്ബില്ലിൽ വാറ്റിനത്തിലുളള കിഴിവ് വരുത്താതിരുന്നതിനാൽ വാറ്റ് നികുതി 1678176 രൂപയുടെ നാലുശതമാനം എന്ന നിലയിൽ 67127 രൂപ പിടിക്കേണ്ടതായിരുന്നു. എന്നാൽ ഒന്നാമത്തെ പാർട്ട് ബില്ലിനുശേഷമുളള വേലമൂല്യം മാത്രം (734370 രൂപ) കണക്കിലെടുത്താണ് നികുതി ബില്ലിൽ നിന്ന് കുറവു ചെയ്തിട്ടുളളത്. തന്മൂലം 37752 രൂപ നികുതിയിനത്തിൽ കുറവു വന്നിരിക്കുന്നു. (67127 - 29375 ). ടി കുറവ് ഫൈനൽ ബില്ലിൽ ക്രമപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

**3. കരാർ കാലാവധിക്കുളളിൽ പ്രവൃത്തി നിർവഹണം പൂർത്തീകരിച്ചില്ല**

മേൽ റോഡുപണിയുമായി ബന്ധപ്പെട്ട് കരാറുകാരനുമായി ഒപ്പിട്ട കരാർ പ്രകാരം (എഗ്രിമെന്റ് നമ്പർ : 22/04-05/ 30.3.05) റോഡ് നിർമാണം പൂർത്തിയാക്കേണ്ട അവസാന തീയതി 31.3.06 ആണ്. 6.4.05 ന് സൈറ്റ് കരാറുകാരന് കൈമാറി നൽകിയിട്ടുണ്ട്. എങ്കിലും പ്രവൃത്തി നിർവഹണത്തിൽ തടസ്സങ്ങൾ നേരിട്ടതിനെത്തുടർന്ന് കരാർ കാലാവധി 31.3.07 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ പഞ്ചായത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2.8.06 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ടി അപേക്ഷയിൽ ഇനിഷ്യൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാർ ദീർഘിപ്പിച്ചു നൽകിയതു സംബന്ധിച്ച ഉത്തരവ് ടി അപേക്ഷയിലോ പ്രത്യേകമായോ രേഖപ്പെടുത്തിയതായി കാണുന്നില്ല.

എന്നാൽ ഓഡിറ്റു കാലയളവിൽ (31.3.07 നകം) പ്രസ്തുത പണി പൂർത്തീകരിച്ചിട്ടില്ല. ടി കാലയളവിലും ഒരു വർഷംകൂടി കഴിഞ്ഞ് 17.3.08 നു മാത്രമാണ് പ്രവൃത്തി നിർവഹണം പൂർത്തീകരിച്ചത്. ഇപ്രകാരം 31.3.07 നു ശേഷമുളള തീയതി പ്രാബല്യത്തിലേക്ക് കരാർ കാലാവധി പുതുക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുളളതായോ ടി അപേക്ഷയിൻമേൽ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുളളതിന്റെയോ വിവരം ഫയലിൽ കാണുന്നില്ല.

**4. ടാറിങ് : ബ്ലോക്കുതല നിരക്ക് മറികടന്ന് പ്രവൃത്തി നിർവഹണം നടത്തി**

ടി വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 1999 ലെ മരാമത്തുനിരക്ക് അടിസ്ഥാനപ്പെടുത്തിയാണ്. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 20 എം.എം. ചിപ്പിങ് കാർപ്പറ്റ് വേലയ്ക്ക് 10 എം$^2$ ന് 397 രൂപ എന്ന നിരക്കാണ് അനുവദിച്ചത്. എന്നാൽ ഇതു പിന്നീട് 10 എം$^2$ ന് 574 എന്ന് വെട്ടിത്തിരുത്തിയിട്ട് പ്രവൃത്തി നിർവഹണത്തിൽ

ഉൾപ്പെടുത്തുകയാണുണ്ടായത്. ഇതിന്റെ വിശദമായ ഡേറ്റാ തയ്യാറാക്കിയത് ഫയലിൽ കാണുന്നില്ല. 20 എം.എം. ചിപ്പിങ് കാർപ്പറ്റ് ഇടുന്ന പ്രവൃത്തിക്ക് ബ്ലോക്കുതല സാങ്കേതിക സമിതി അംഗീകരിച്ച നിരക്ക് ഒറിജിനൽ എസ്റ്റിമേറ്റിൽ കാണിച്ച 397/10എം$^2$ എന്ന നിരക്കു തന്നെയാണ്. ടി പ്രവൃത്തിയിൽ ഈ ഒരിനം ഒഴികെയുള്ള മറ്റ് എല്ലായിനം പ്രവൃത്തികൾക്കും ബ്ലോക്കുതല സാങ്കേതികസമിതി അംഗീകരിച്ച നിരക്ക് പിന്തുടർന്നിട്ടുള്ളപ്പോൾ ചിപ്പിങ് കാർപ്പറ്റ് വേലയ്ക്കുമാത്രം ടി നിരക്ക് മറികടന്നതിനുള്ള കാരണവും വിശദാംശങ്ങളും ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ മുൻനിർത്തി ഓഡിറ്റുവർഷം ടി പദ്ധതിക്കു കീഴിൽ വിനിയോഗിച്ച (രണ്ടാമത്തെ പാർട്ട്ബിൽ പ്രകാരം) 661017 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.15 നബാർഡ് ആർ.ഐ.ഡി.എഫ് XI (വല്ലേപ്പടി- എച്ച്.പി.സി പള്ളിക്കുന്ന്) റോഡ് നിർമാണം ആരംഭിച്ചിട്ടില്ല.**

എസ്റ്റിമേറ്റ് തുക : 38 ലക്ഷം രൂപ

സാങ്കേതികാനുമതി നമ്പർ : എ3/458/06 തീയതി : 16.10.06 നബാർഡ് ആർ.ഐ.ഡി.എഫ്. 11

വടയാർ ചന്തപ്പാലം മുതൽ മുളക്കുളം പി.ഡബ്ല്യു.ഡി റോഡു വരെയും മുളക്കുളം എച്ച്.പി.സി പള്ളിക്കുന്ന് കവല വരെയും നിലവിലുള്ള 1635 മീറ്റർ ദൂരത്തിൽ നേരത്തേ തന്നെ മെറ്റലിങ് കഴിഞ്ഞ 390 മീറ്റർ ഒഴിവാക്കി 1245 മീറ്റർ ദൂരം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയുള്ളതാണ് പ്രസ്തുത പ്രോജക്ട്.

പ്രവൃത്തി നിർവഹണത്തിനായി ടെൻഡറുകൾ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ശ്രീ. പോളി ഐസക്കിന് (എസ്റ്റിമേറ്റ് നിരക്കിലും 17.1% കുറവ്) പ്രവൃത്തി നിർവഹണച്ചുമതല ഏല്പിക്കുകയും ചെയ്തു. 38 ലക്ഷം രൂപ ചെലവു വരുന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി 20.12.06 ൽ 14/06-07 നമ്പരിൽ കരാർ ഒപ്പിടുകയും ചെയ്തു.

25.1.07 ൽ പ്രവൃത്തി തുടങ്ങുന്നതിനായി സ്ഥലം കൈമാറിക്കിട്ടണമെന്ന് കരാറുകാരൻ കരാറുകാരൻ അസി. എൻജിനിയറോട് ആവശ്യപ്പെട്ടതായി കാണുന്നു. ഇത്രയും കാലമായിട്ടും സ്ഥലം കൈമാറിക്കിട്ടിയില്ലെന്നും ആയതിനാൽ പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നും പ്രസ്താവിച്ചു കാണുന്നു. അതിനാൽ കരാർ റദ്ദാക്കി സെക്യൂരിറ്റി നിക്ഷേപം മടക്കിക്കിട്ടണമെന്നും ടിയാൻ ആവശ്യപ്പെട്ടു.

ഇതിനു മറുപടിയായി 18.5.07 ൽ ബി 1022/04 നമ്പർ കത്തിലൂടെ എത്രയും വേഗം പണി ആരംഭിക്കുന്നതിന് സെക്രട്ടറി ആവശ്യപ്പെട്ടു. എന്നാൽ ഇത്രയും നാൾ കഴിഞ്ഞതിനാൽ കരാർ വച്ച സമയത്തുണ്ടായിരുന്നതിനേക്കാൾ മെറ്റീരിയൽ വിലയും മറ്റും വർധിച്ചതിനാൽ കരാർ തുകയ്ക്ക് പണി പൂർത്തിയാക്കാൻ കഴിയില്ലെന്നും അതിനാൽ സെക്യൂരിറ്റി നിക്ഷേപം മടക്കിക്കിട്ടണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടു. പ്രസ്തുത ആവശ്യം മുൻനിർത്തി ടിയാൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതി ഉചിതമായ തീരുമാനമെടുക്കാൻ ബ്ലോക്ക് പഞ്ചായത്തിനെ അധികാരപ്പെടുത്തുകയും ചെയ്തു. പ്രസ്തുത വിഷയത്തിൽ ഇതുവരെ തീരുമാനമാവുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ കരാറുകാരന് പ്രവൃത്തി നടത്തുന്നതിനുള്ള സ്ഥലം വിട്ടുകൊടുക്കുക, ലെവൽസ് എടുക്കുക തുടങ്ങിയ പ്രാഥമിക നടപടികൾ ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നു കാണപ്പെട്ടു. 20.12.06 ൽ കരാർ ഒപ്പിട്ടെങ്കിലും സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ എടുത്തില്ല. 25.1.07 ൽ കരാറുകാരൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും 18.5.07 ൽ മാത്രമാണ് പണി ആരംഭിക്കാൻ സെക്രട്ടറി കരാറുകാരനോട് ആവശ്യപ്പെട്ടത്. ഇത് സെക്രട്ടറിയും കരാറുകാരനും തമ്മിൽ ഉറപ്പിച്ച കരാറിന്റെ ലംഘനമാണ്. പ്രസ്തുത കരാറിലെ ആറാം ഖണ്ഡിക താഴെപ്പറയും പ്രകാരമാണ്.

'ഈ ഉടമ്പടിവച്ച് പത്തുദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി പത്തുദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കു

കയും ഉടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്.'

ടി ഉടമ്പടിവ്യവസ്ഥ അനുസരിച്ച് കരാറുകാരന് സ്ഥലം കൈമാറുകയും ലെവൽസ് എടുക്കുകയും ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കാതിരുന്നത് ബ്ലോക്ക് പഞ്ചായത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വം മൂലമാണെന്ന് കരാറുകാരൻ ആരോപിക്കുന്നു. ഇക്കാലയളവിൽ പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന അസി. എൻജിനിയർമാർ അധികനാൾ തുടർന്നില്ല. പെട്ടെന്നുള്ള സ്ഥലംമാറ്റം മൂലം ഉടമ്പടി വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വന്നെന്ന് മനസ്സിലാക്കാൻ കഴിയും. ടിയാൻമാരുടെ ജോലി ദൈർഘ്യം താഴെപ്പറയും പ്രകാരമാണ്.

വി.സി. കദീജ : അസി.എൻജിനിയർ : 21.8.06 അപരാഹ്നം മുതൽ 8.2.07 വരെ
എസ്. പാർവതി : അസി. എൻജിനിയർ ഇൻ ചാർജ് : 9.2.07 മുതൽ 9.3.07 വരെ
എ.ജെ.അബ്ദുൾഹമീദ് : അസി.എൻജിനിയർ : 9.3.07 മുതൽ 18.4.07 വരെ
എം.സി.മാനുവൽ : അസി.എൻജിനിയർ ഇൻ ചാർജ് : 19.4.07 മുതൽ 8.5.07 വരെ
എസ്. പാർവതി : അസി.എൻജിനിയർ : 9.5.07 മുതൽ 18.5.07 വരെ
കെ.എ.പ്രസന്നകുമാർ : അസി. എൻജിനിയർ ഇൻ ചാർജ് : 19.5.07 മുതൽ 4.7.07 വരെ

പ്രാഥമിക നടപടികൾ പോലും പൂർത്തീകരിക്കാതിരുന്നതിനാൽ ലഭ്യമായ നബാർഡ് തുക ലാപ്സായി പോകാൻ സാധ്യതയുണ്ട്. ഉത്തരവാദികൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹൗസിങ് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ**

**3.16 പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച മുൻകൂർ തുക തിരികെ ഈടാക്കിയില്ല**

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 13.2.07 ലെ 2(6)-ാം നമ്പർ തീരുമാനപ്രകാരവും കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 15.2.07 ലെ 13-ാം നമ്പർ തീരുമാനപ്രകാരവും 06-07 ലെ ഐ.എ.വൈ ഭവനനിർമാണ പദ്ധതിയുടെ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട നിർമലാ ഗോപി, തേക്കിനേഴത്ത്, തലയോലപ്പറമ്പ് പി.ഒ എന്നയാൾക്ക് 30.3.07 ൽ ഡി.ഡി. നമ്പർ 135582 (തീയതിയില്ല) പ്രകാരം 22500 രൂപ അഡ്വാൻസിനത്തിൽ ഒറ്റ ഗഡുവായി നൽകി. വി.ഇ.ഒയുടെ റിപ്പോർട്ട്, ഹൗസിങ് ഓഫീസറുടെ ശുപാർശ, സെക്രട്ടറിയുടെ അനുമതി ഇവയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചു നൽകിയത്. എന്നാൽ തുക കൈപ്പറ്റിയശേഷം ഇതുവരെ തുടർപ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലെന്ന് ഫയലിൽ നിന്നു വ്യക്തമാണ്. ടിയാൻ അനുവദിച്ചുകിട്ടിയ തുക കരാർ പ്രകാരമുള്ള ലക്ഷ്യത്തിനുവേണ്ടിയാണോ വിനിയോഗിച്ചതെന്ന് തുക അനുവദിച്ച അധികാരികൾ അന്വേഷിച്ചതായി കാണുന്നില്ല. അർഹരായ ഗുണഭോക്താക്കൾ ലിസ്റ്റിൽ അവശേഷിക്കേ അവരുടെ ആനുകൂല്യത്തിനുള്ള അവസരം നഷ്ടപ്പെടുത്തി പദ്ധതിവിഹിതം ചെലവഴിക്കുന്ന പ്രവണത ഗൗരവമായി കാണേണ്ടതാണ്. ടിയാൻ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ നൽകിയ 22500 രൂപ ഇതുവരെയുള്ള പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

**3.17 ഐ.എ.വൈ ഭവനനിർമാണ പദ്ധതി നിർവഹണത്തിലെ അപാകതകൾ**

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി/ ജനറൽ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സൗജന്യമായി വീടുകൾ നിർമിച്ചു നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ഐ.എ.വൈ ഫണ്ടിനൊപ്പം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 06-07 ലെ പദ്ധതിവിഹിതത്തിൽ നിന്ന് അധിക ധനസഹായം കൂടി അനുവദിച്ചു നൽകുന്ന ടി പ്രോജക്ട് നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മിക്ക ഗുണഭോക്താക്കളും അർഹതാ മാനദണ്ഡം തെളിയിക്കുന്നതിനുള്ള എല്ലാ രേഖകളും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ഒരു ഗുണഭോക്താവു പോലും ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ, ഇതര ഏജൻസികൾ എന്നിവിടങ്ങളിൽ നിന്ന് മുമ്പ്

ഇതേ ആവശ്യത്തിന് ധനസഹായം കിട്ടിയിട്ടില്ല എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2. ഐ.എ.വൈ പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമാണ പുരോഗതി നിരന്തരമായി നിരീക്ഷിക്കുകയും ലഭ്യമാകുന്ന തുക ഗുണഭോക്താക്കൾ നിശ്ചിത സമയപരിധിക്കുള്ളിൽ ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് ബഹു. നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി 04-05 വർഷത്തെ 17 -ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ മേല്പറഞ്ഞ രീതിയിൽ ശരിയായ ഒരു മോണിട്ടറിങ് നടത്താതെയാണ് ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ അനുവദിച്ചു നൽകിയിരിക്കുന്നതെന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് ബോധ്യമായി.
3. ഗുണഭോക്താക്കൾ ചമച്ച കരാർ പത്രികകളിൽ കൃത്യമായും പൂർണമായും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അനുവദിച്ച തുക വീടുപണിക്ക് വിനിയോഗിക്കാതെ ദുർവിനിയോഗം ചെയ്യുന്ന കേസുകളിൽ യഥാസമയം നിയമപരമായ റിക്കവറി നടപടികൾ സ്വീകരിക്കാൻ ഇത്തരം അപൂർണമായ കരാർ പത്രികകൾ തടസ്സം നിൽക്കുന്നതാണ്.
4. പദ്ധതിയുടെ നിലവിലുള്ള മാർഗനിർദേശങ്ങൾ അനുസരിച്ച് നിർമിക്കപ്പെടുന്ന എല്ലാ വീടുകളിലും ഭവനനിർമാണം സംബന്ധിച്ച് കേന്ദ്രസർക്കാർ നിർദേശിച്ചിരിക്കുന്ന ലോഗോയും ഗുണഭോക്താവിന്റെ പേരും വിലാസവും അടങ്ങുന്ന ബോർഡ് പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള മിക്ക വീടുകളുടെയും ഫോട്ടോ വാങ്ങി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ നിർദേശം പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനാവുന്നില്ല. ബന്ധപ്പെട്ടവർ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.
5. പ്രോജക്ട് നിബന്ധനയനുസരിച്ച് ഗുണഭോക്താക്കൾ നിലവിൽ താമസിക്കുന്ന വീടിന്റെ ഫോട്ടോ കൂടി (കുടുംബാംഗങ്ങൾക്കൊപ്പമുള്ള) അപേക്ഷയോടൊപ്പം ഹാജരാക്കണമെന്നിരിക്കേ പദ്ധതിയാനുകൂല്യം കൈപ്പറ്റിയ 130 ഗുണഭോക്താക്കളിൽ മൂന്നു പേർ മാത്രമാണ് ഈ നിബന്ധന പാലിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ അപാകതകളിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇത്തരം അപാകതകൾ വീണ്ടും ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം 4- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4.1) വാർഷിക കണക്കുകളുടെ അവലോകനം

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 06-07 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. **കാറ്റഗറി എ ഫണ്ട് (പ്ലാൻ ഫണ്ട്)**

- എ) വാർഷിക കണക്കുപ്രകാരം ഓഡിറ്റുവർഷം വിനിയോഗത്തിനു ലഭിച്ച യഥാർത്ഥ പ്ലാൻ ഫണ്ട് (06-07 ലെ യഥാർത്ഥ പ്ലാൻ ഫണ്ട് ചെലവ്) 11411170 രൂപയാണ്. ബിൽ ബുക്ക് പ്രകാരം ഓഡിറ്റുവർഷം ഒട്ടാതെ 14160009 രൂപ വിവിധ ബില്ലുകൾ മുഖേന മാറി പണമാക്കപ്പെട്ടുണ്ട്. ഇതിൽ 1396839 രൂപ മെയിന്റനൻസ് ഗ്രാന്റും 1342000 രൂപ നബാർഡിൽ നിന്ന് റീഇംപേഴ്സ് ചെയ്തുകിട്ടിയ തുകയാണ്. (മുളക്കുളം പഞ്ചായത്തിലെ പള്ളിക്കുന്ന് പാഴ്നിലം കുമ്മട്ട റോഡ് നിർമാണം) ബാക്കി യഥാർത്ഥ പ്ലാൻ ഫണ്ട് ചെലവ് 11421170 രൂപയെന്നാണ് വരുന്നത്. അതായത് പ്ലാൻ ഫണ്ട് ചെലവിൽ (യഥാർത്ഥത്തിൽ ലഭിച്ച പ്ലാൻ ഫണ്ടിൽ) പതിനായിരം രൂപയുടെ വ്യത്യാസം കാണുന്നു.
- ബി) പ്ലാൻ ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 06-07 ലെ പ്ലാൻ ഫണ്ട് ചെലവ് താഴെപ്പറയും പ്രകാരം 11411170 രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| ജനറൽ | : | 7567747 | (ആകെ തുകയായ 7618822 രൂപയിൽനിന്ന് ബിൽ നമ്പർ 58/06-07 പ്രകാരം മാറിയ 104635 രൂപയിൽ എസ്.സി.പി യിൽപ്പെടുന്ന 51075 രൂപ കുറച്ചുള്ള തുക) |
| എസ്.സി.പി | : | 3751423 | |
| ടി.എസ്.പി | : | 92000 | |
| ആകെ | : | 11411170 | |

എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ വിശദാംശങ്ങൾ അപഗ്രഥിച്ചാൽ കിട്ടുന്ന യഥാർത്ഥ ചെലവ് താഴെപ്പറയും പ്രകാരം 11318862 രൂപ മാത്രമാണ്.

| | | | |
|---|---|---|---|
| ജനറൽ | : | 7475439 | (ആകെ വരുന്ന 7567747 രൂപയിൽ നിന്ന് 6/06-07 നമ്പർ ബിൽ പ്രകാരം വരുന്ന 92308 രൂപ എസ്.സി.പിയിലെ ചെലവാണ്. ഇത് എസ്.സി.പിയിൽ കൂട്ടിച്ചേർത്താണ് എസ്.സി.പിയിലെ ചെലവ് 3751423 രൂപയെന്ന് നിർണയിച്ചിട്ടുള്ളത്. എന്നാൽ ഇത് ജനറൽ സെക്ടറിൽനിന്ന് കുറവു ചെയ്തിട്ടില്ല. ജനറൽ സെക്ടറിൽ ഇതു കുറവു ചെയ്താൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ ചെലവ് 7475439 രൂപയാണ്.) |
| എസ്.സി.പി | : | 3751423 | |
| ടി.എസ്.പി | : | 92000 | |
| ആകെ | : | 11318862 | |

- സി) വാർഷിക കണക്കുപ്രകാരം സൂചിപ്പിച്ചിട്ടുള്ള കാറ്റഗറി എ ഫണ്ടിലെ ചെലവ് പ്രോജക്ട് നമ്പർ എസ് 094/07 ആനിത്താനം ലൈൻ നീട്ടൽ : 71650 രൂപ, എസ് 042/06-07 വള്ളിക്കാഞ്ഞിരം ലക്ഷം വീട് കോളനി ലൈൻ നീട്ടൽ : 15880 രൂപ എന്നിവ കൂടി ഉൾപ്പെടുന്നവയാണ്. എന്നാൽ ഈ തുക പദ്ധതി നടപ്പിലാക്കാതെ കെ.എസ്.ഇ.ബി പഞ്ചായത്തിന് മടക്കി നൽകിയിട്ടുള്ളതാണ്. ഈ തുക പരിഗണിച്ചാൽ ചെലവു തുകയിൽ വീണ്ടും വ്യതിയാനം വരുന്നു. ടി തുക പ്ലാൻ ഫണ്ടിൽപ്പെടുന്നതായതിനാൽ സർക്കാർ ഹെഡിൽ യഥാർത്ഥത്തിൽ തിരിച്ചടയ്ക്കേണ്ട തുകയാണ്. എന്നാൽ അപ്രകാരം ചെയ്യാതെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ഇപ്പോഴും അവശേഷിക്കുന്നു.

**2. ബി ഫണ്ട് ചെലവ്**

ബി ഫണ്ടിൽ വാർഷിക കണക്കുപ്രകാരം ആകെ കാണിച്ചിരിക്കുന്ന ചെലവ് വസ്തുതാപരമല്ല. ഉദാഹരണത്തിന് തലയോലപ്പറമ്പ് പി.എച്ച്.സിക്ക് 68037 രൂപ ചെലവുണ്ടെന്ന് കാണിച്ചിട്ടുണ്ട്. ടി ചെലവിൽ പി.എച്ച്.സി 14/06-07 നമ്പർ കണ്ടിൻജന്റ് ബിൽ മുഖേന മാറിയ 3025 രൂപ കൂടി ഉൾപ്പെടുന്നു. എന്നാൽ ഇപ്രകാരം മാറിയ 3025 രൂപയിൽ ആയിരം രൂപ മാത്രമാണ് ഓഡിറ്റുവർഷം ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ബാക്കി നീക്കിയിരിപ്പായി ശേഷിക്കുന്നു. അറുനൂറ്റിമംഗലം പി.എച്ച്.സിയുടെ കാര്യത്തിലും ബില്ലു മുഖേന മാറിയെടുക്കുന്ന തുക പൂർണമായും ചെലവഴിക്കാതെ കാണപ്പെടുന്നു. ഇപ്രകാരം യഥാർത്ഥ ചെലവ് പരിഗണിക്കാതെ ബിൽ മാറുന്ന തുക മുഴുവനും ചെലവായി ബുക്കു ചെയ്തിരിക്കുകയാണ്. ബി ഫണ്ടിനത്തിൽ അറുനൂറ്റിമംഗലം കമ്യൂണിറ്റി ഹെത്ത്സെന്ററിന് ലഭിച്ച 110000 രൂപയിൽ ബിൽ മാറി തുക ചെലവിടാൻ കഴിഞ്ഞത് 68500 രൂപയ്ക്കു മാത്രമാണ്. 41500 രൂപയുടെ ഫണ്ട് ലാപ്സായിട്ടുണ്ട്. എന്നാൽ ഈ വിവരം വാർഷിക കണക്കിൽ കാണിച്ചിട്ടില്ല. സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് 105000 രൂപ അലോട്ട്മെന്റ് ലഭിച്ചെങ്കിലും 87691 രൂപ മാത്രമാണ് യഥാർത്ഥ ധനവിനിയോഗത്തിന് ലഭിച്ചത്. 17309 രൂപ ലാപ്സായി. എന്നാൽ ഈ വിവരവും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**3. ജനറൽ പർപ്പസ് ഫണ്ട്**

വാർഷിക കണക്കുപ്രകാരം ആകെ വരവ് 2170034 രൂപയെന്നും ആകെ ചെലവും 775155 രൂപയെന്നും കാണിച്ചിരിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട അപ്രോപ്രി യേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആകെ വരവും ചെലവും താഴെപ്പറയും പ്രകാരം യഥാക്രമം 1658704 രൂപയും 745408 രൂപയുമാണ്.

| വരവ് | | ചെലവ് | |
|---|---|---|---|
| തീയതി | തുക | മാസം | തുക |
| 24.5.06 | 133940 | 4/06 | 36541 |
| 7.7.06 | 855079 | 5/06 | 35689 |
| 3.7.06 | 67000 | 6/06 | 65202 |
| 4.10.06 | 66935 | 7/06 | 31928 |
| 15.11.06 | 66968 | 8/06 | 55729 |
| 29.3.07 | 133937 | 9/06 | 41321 |
| 29.3.07 | 133938 | 10/06 | 69313 |
| 29.3.07 | 133937 | 11/06 | 60188 |
| 29.3.07 | 66970 | 12/06 | 83909 |
| ആകെ | 1658704 | 1/07 | 52472 |
| | | 2/07 | 41983 |
| | | 3/07 | 171133 |
| | | ആകെ | 745408 |

4. സാക്ഷരത അക്കൗണ്ടിൽ 29500 രൂപയാണ് വാർഷികകണക്കു പ്രകാരം ആകെ വരവ്. ഇതിനുപുറമേ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ടി അക്കൗണ്ടിലേക്ക് വകമാറ്റിയ ശേഷം ചെലവു ചെയ്തിട്ടുണ്ട്. ഈ തുക 32242 രൂപ തിരികെ ജനറൽ പർപ്പസ് ഫണ്ടി ലേക്ക് തിരികെ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ പരി ശോധനയ്ക്ക് ലഭ്യമായിട്ടില്ല.
5. ഗുണഭോക്തൃവിഹിതം, നിരതദ്രവ്യം, ബ്ലോക്ക് ഓഫീസ് പുരയിടം വാടക, ടെൻഡർ ഫോം വില്പന എന്നീ ഇനങ്ങളിൽ ഓഡിറ്റു വർഷം ആകെ 182138 രൂപ രസീതുമുഖേന പിരിച്ചെടുത്തിട്ടുണ്ട്.. കൂടാതെ വിവിധ മരാമത്തു ബില്ലുകളിൽ നിന്ന് റീടെൻഷനായി പിടിച്ചിട്ടുള്ള തുക ബി.പി.എഫ്.എ 1 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടു ണ്ട്. എന്നാൽ ഇവയുടെ ഒന്നും ഇനം തിരിച്ചുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുപ്രകാരം ബി.പി.എഫ്.എ 1 അക്കൗണ്ടിൽ 373898 രൂപ മറ്റു വരവുകൾ/ മുൻകൂറുകൾ എന്നിവയിൽ ഉൾപ്പെടുത്തി കാണിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ എല്ലാ ഇനങ്ങളും ഉൾപ്പെടുന്നതാണോയെന്ന് നിർണയിക്കുന്നതിന് സാധിച്ചിട്ടില്ല.
6. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം നിരതദ്രവ്യം / സെക്യൂരിറ്റി നിക്ഷേപം എന്നീ ഇനങ്ങളി ലായി താഴെപ്പറയും പ്രകാരം 570475 രൂപ വരവുണ്ട്.

| | |
|---|---|
| 15.11.06 | 67975 |
| 29.11.06 | 502500 |
| ആകെ | 570475 |

എന്നാൽ വാർഷിക കണക്കിലെ വിശദാംശങ്ങളിൽ നിന്ന് ടി തുക പൂർണമായും വരവു ചേർക്കപ്പെട്ടിട്ടില്ല എന്നു വ്യക്തമാകുന്നു.

7. നബാർഡ് റീഇംബേഴ്സിനത്തിൽ ലഭിച്ച തുകയിൽ സർക്കാർ ഹെഡിലേക്ക് അട യ്ക്കാൻ വേണ്ടി പിൻവലിച്ച 909000 രൂപ 31.5.06 ൽ കാഷ് ബുക്കിൽ കൈയിരിപ്പുപണം എന്ന നിലയിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. ഇതിൽ നിന്ന് എട്ടുലക്ഷം രൂപ ധനാപഹരണം നടത്തുകയുണ്ടായി. 1.6.06 ൽ 109000 രൂപ അടവു വരുത്തിയതായി രേഖ പ്പെടുത്തിയതിനാൽ എട്ടുലക്ഷം രൂപയുടെ വ്യതിയാനം കാഷ്ബുക്കിൽ നിലനിൽക്കു ന്നു.
8. 25.7.06 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 05-06 വർഷത്തെ നീക്കിയി രിപ്പ് 459533 രൂപയാണ്. ഇതിൽ 154268 രൂപ പണവും 305265 രൂപ ഭക്ഷ്യധാന്യത്തിന്റെ

മൂല്യവുമാണ്. എന്നാൽ വാർഷിക കണക്കിൽ എസ്.ജി.ആർ.വൈ അക്കൗണ്ടിലെ 06-07 ലെ മുന്നിരിപ്പായി കാണിച്ചിട്ടുള്ളത് 154268 രൂപ മാത്രമാണ്.

9. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 06-07 ലെ പദ്ധതിച്ചെലവ് പത്രിക പ്രകാരം വിവിധ നികുതി, റീടെൻഷൻ എന്നീയിനങ്ങളിൽ മരാമത്തുബില്ലുകളിൽ നിന്നും താഴെ വിവരിക്കും പ്രകാരം തുകകൾ കുറവു വരുത്തിയിട്ടുണ്ട്.

| | |
|---|---|
| വില്പന നികുതി & വാറ്റ് | 198104 |
| നിർമാണത്തൊഴിലാളി ക്ഷേമനിധി വിഹിതം | 31484 |
| ആദായ നികുതി | 50983 |
| റീടെൻഷൻ | 6887 |

എന്നാൽ ഈ തുകകൾ ഋണശീർഷ കണക്കിൽ വരവായിട്ടെടുക്കുകയും ചെലവായി (ഓഡിറ്റു വർഷം അടയ്ക്കപ്പെട്ടിട്ടുണ്ടെങ്കിൽ) ബുക്കു ചെയ്യുകയും ചെയ്യേണ്ടതാണ്. എന്നാൽ വാർഷിക കണക്കിൽ ഇപ്രകാരം ചെയ്തിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ മൂലം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിനായി ലഭ്യമാക്കിയ 06-07 ലെ വാർഷിക കണക്ക് പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പ്രതിഫലിപ്പിക്കുന്നില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനാൽ ടി അക്കൗണ്ടിന് ഓഡിറ്റിൽ അംഗീകാരം നൽകുന്നില്ല.

ലഭ്യമായ രേഖകൾ പ്രകാരം കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന് 06-07 വർഷം ലഭിച്ച ആകെ വരവും ചെലവും താഴെ പറയുംപ്രകാരം സംഗ്രഹിക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| കാറ്റഗറി എ ഫണ്ട് | 13095010 | 11411170 |
| കാറ്റഗറി ബി ഫണ്ട് | 620250 | 560478 |
| കാറ്റഗറി സി ഫണ്ട് | 1410961 | 1396839 |
| കാറ്റഗറി ഡി ഫണ്ട് | 2170034 | 775155 |
| കാറ്റഗറി ഇ ഫണ്ട് | 8725190 | 6238368 |
| ആകെ | 26021445 | 20382010 |

**4.2) വായ്പ/വായ്പ തിരിച്ചടവ്**

ഇല്ല.

**4.3) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റ്മെന്റുകൾ)**

ഇല്ല

**4.4) സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം കാണിക്കുന്ന രജിസ്റ്ററോ ഫയലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കിൽ ഇതു സംബന്ധിച്ച വിവരം പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല.

**4.5) ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല.

**4.6) ഓഡിറ്റ് ചാർജ്**

| | | |
|---|---|---|
| ഡി.സി.ബി പത്രിക പ്രകാരമുള്ള ആകെ വരവ് | : രൂപ | 26021445 |
| <u>കുറയ്ക്കുക</u> | | |
| തിരിച്ചടവുകൾ (1683840 + 1963) | : രൂപ | 1685803 |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | : രൂപ | 24335642 |
| ഓഡിറ്റ് ചാർജ് അര ശതമാനം നിരക്കിൽ | : രൂപ | 121678 |
| മുൻവർഷാവസാനം സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ് | : രൂപ | 669568 |
| ആകെ | : രൂപ | 791246 |
| (-) തന്നാണ്ടിൽ ഒടുക്കിയ തുക | : രൂപ | ഇല്ല |
| (-) തന്നാണ്ടിൽ ഗ്രാന്റിൽ/പദ്ധതി വിഹിതത്തിൽ വകയിരുത്തിയ | : രൂപ | ഇല്ല |

തുക
31.3.07 ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് : രൂപ 791246

<u>ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം</u>

| <u>വർഷം</u> | | <u>തുക (രൂപ)</u> |
|---|---|---|
| 97–98 | : | 68380 |
| 98–99 | : | 108907 |
| 99–00 | : | 98474 |
| 00–01 | : | 56403 |
| 01–02 | : | 55110 |
| 02–03 | : | 42990 |
| 03–04 | : | 67395 |
| 04–05 | : | 88914 |
| 05–06 | : | 82995 |
| 06–07 | : | 121678 |
| ആകെ | : | 791246 |

ടി തുക 0070-60-110-99-ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

**4.7) ഓഡിറ്റ് പ്രത്യവലോകനം**

*<u>എ) സംക്ഷിപ്ത വിവരം</u>*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 26021445 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 20382010 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 824 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 224031.50 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1764547 |

*<u>ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.4 | 824 | | ശ്രീ. വി.എൻ. വാസുദേവൻ, സെക്രട്ടറി |
| 3.1 | | 1777.50 | ,, |
| 3.2 | | 5955 | ,, |
| 3.4 | | 88000 | ,, |
| 3.5 | | 127347 | ,, |
| 3.6 | | 952 | ,, |
| ആകെ | 824 | 224031.50 | ,, |

*<u>ബി) തടസ്സപ്പെടുത്തിയ തുകകളുടെ വിവരം</u>*

| ഖണ്ഡിക | തുക |
|---|---|
| 3.7 | 51075 |
| 3.8 | 50000 |
| 3.9 | 7100 |
| 3.10 | 444669 |
| 3.11 | 152366 |
| 3.13 | 398320 |
| 3.14 | 661017 |
| ആകെ | 1764547 |

*<u>സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.11 (1)(4) | 87550 | ശ്രീ. വി.എൻ. വാസുദേവൻ, സെക്രട്ടറി |

*(പദ്ധതിവിഹിതം തിരിച്ചടച്ചത് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്.)*

*ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഖണ്ഡിക നമ്പർ : 3.10

*ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി.എൻ. വാസുദേവൻ, സെക്രട്ടറി, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | ശ്രീ. വി.എൻ. വാസുദേവൻ, സെക്രട്ടറി, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |

റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായ വ്യക്തികളുടെ സ്ഥിരം / ഔദ്യോഗിക മേൽവിലാസം ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കേണ്ടത് നിലവിലുള്ള സെക്രട്ടറിയുടെ ചുമതലയാണ് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 22 കാണുക)

**4.8) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | എൽ.എഫ്.കെ.പി1/901/98/22.1.99 |
| 97-98 | എൽ.എഫ്.കെ.പി1/649/04/10.6.05 |
| 98-99 | എൽ.എഫ്.കെ.പി1/995/02/26.5.03 |
| 99-00 | എൽ.എഫ്.കെ.പി1/380/01/14.5.01 |
| 00-01, 01-02 | എൽ.എഫ്.കെ.പി1/705/03/12.4.04 |
| 02-03 | എൽ.എഫ്.കെ.പി1/139/05/2.7.05 |
| 04-05 | എൽ.എഫ്.കെ.പി1/323/07/10.12.07 |
| 05-06 | എൽ.എഫ്.കെ.പി1/324/07/10.12.07 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കോട്ടയം ജില്ല.**

ജെ.021109സി.സി.എ